മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 44 | THE ONLINE OFFICIAL NEWS BULLETIN | 2021 October 14

Malankara Syrian Christian Association Special

ഡോ. മാത്യൂസ് മാർ സേവേറിയോസ് മലങ്കരമെത്രാപ്പോലീത്താ സ്ഥാനമേറ്റെടുത്തു

നാളെ കാതോലിക്കാ സ്ഥാനാരോഹണം



പരുമല: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസിനെ ഐകകണ്ഠ്യേന തിരഞ്ഞെടുത്ത മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ തീരുമാനം എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചു. അസോസിയേഷനെ തുടർന്ന് ചേർന്ന സുന്നഹദോസ് കാതോലിക്കാ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് അംഗീകരിച്ച് നാളെ സ്ഥാനാരോഹണം നടത്താൻ തീരുമാനിച്ചത്. അസോസിയേഷൻ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തെ തുടർന്ന് മാർ സേവേറിയോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തിരുന്നു.

മലങ്കര മെത്രാപ്പോലീത്തായായ ഡോ. മാത്യൂസ് മാർ സേവേറിയോസിനെ നാളെ പരുമല പള്ളിയിൽ വച്ച് കാതോലിക്കായായി സ്ഥാനാരോഹണം നടത്തുവാൻ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചതായി സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ അറിയിച്ചു.

വെള്ളിയാഴ്ച രാവിലെ 6.30–ന് പ്രഭാത നമസ്ക്കാരവും, തുടർന്ന് വിശുദ്ധ കുർബ്ബാനയും നടക്കും. കുർബ്ബാന മദ്ധ്യേ സ്ഥാനാരോഹണ ശുശ്രൂഷ നടത്തുന്നതാണ്. സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കും. കോവിഡ് പ്രോട്ടോകോളിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് സ്ഥാനാരോഹണ ശുശ്രൂഷ നടക്കുന്ന സമയത്ത് പരുമല സെമിനാരിയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ഗ്രീഗോറിയൻ ടിവി ശുശ്രൂഷകൾ തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്. തുടർന്ന് കേരളത്തിലെ മതമേലദ്ധ്യക്ഷന്മാർ പങ്കെടുക്കുന്ന അനുമോദന സമ്മേളനവും ഉണ്ടായിരിക്കുമെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.



കോവിഡ് പ്രോട്ടോകോളിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് സ്ഥാനാരോഹണ ശുശ്രൂഷ നടക്കുന്ന സമയത്ത് പരുമല സെമിനാരിയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ഗ്രീഗോറിയൻ ടിവി ശുശ്രൂഷകൾ തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

ഡോ. മാത്യൂസ് മാർ സേവേറിയോസിനെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു

പരുമല: മലങ്കര ഓർത്തഡക്സ് സുറിയാനി സഭയുടെ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി കണ്ടനാട് വെസ്റ്റ് ഭദ്രാസന ഇടയൻ ഡോ. മാത്യൂസ് മാർ സേവേറിയോസിനെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

ഡോ. മാത്യൂസ് മാർ സേവേറിയോസ് ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടതായി സീനിയർ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലീമീസ് പ്രഖ്യാപിച്ചത് അസോസിയേഷൻ അംഗങ്ങൾ എഴുന്നേറ്റ് നിന്ന് കൈയ്യടിച്ച് അംഗീകരിച്ചു. ഈ സമയം ആചാരവെടി മുഴക്കുകയും ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ കാലംചെയ്തതിനെ തുടർന്നുണ്ടായ ഒഴിവിൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം തൽസമയം തന്നെ ഡോ. മാത്യൂസ് മാർ സേവേറിയോസ് ഏറ്റെടുക്കുന്നതായി സീനിയർ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലീമീസ് പ്രഖ്യാപിച്ചു. തുടർന്ന് സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, വൈദിക ട്രസ്റ്റി ഫാ.ഡോ. എം.ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ ചേർന്ന് അഭിനവ മലങ്കര മെത്രാപ്പോലീത്തായെ പ്രസിഡന്റു തിരുമേനിയുടെ ഇരിപ്പിടത്തിനു സമീപത്തേക്ക് ആനയിച്ചു. കുറിയാക്കോസ് മാർ ക്ലീമീസ്, സഖറിയാ മാർ അന്തോണിയോസ്, യൂഹാനോൻ മാർ മിലിത്തോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. സഖറിയാസ് മാർ അപ്രേം മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാന ചിഹ്നങ്ങൾ ഓരോന്നായി ധരിപ്പിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാന ചിഹ്നങ്ങളുടെ പ്രാധാന്യത്തെ സംബന്ധിച്ച് ഫാ.ഡോ. എം. ഒ. ജോൺ വിശദീകരിച്ചു. അംശവസ്ത്രങ്ങൾ ധരിച്ച മലങ്കര മെത്രാപ്പോലീത്താ അംശവടിയും സ്ലീബായും കൈകളിലേന്തി അസോസിയേഷൻ പ്രതിനിധികളെ വാഴ്വ് നൽകി അനുഗ്രഹിച്ചു. കുറിയാക്കോസ് മാർ ക്ലീമീസ്, സഖറിയാ മാർ അന്തോണിയോസ്, വൈദിക ട്രസ്റ്റി ഫാ.ഡോ. എം.ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പുഷ്പഹാരം അണിയിച്ച് ആദരിച്ചു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടത്തിപ്പുമായി ബന്ധപ്പെട്ട് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും അദ്ദേഹത്തിന്റെ വിയോഗത്തിന് ശേഷം കുറിയാ



ക്കോസ് മാർ ക്ലീമ്മിസ് തിരുമേനിയും സ്വീകരിച്ച എല്ലാ നടപടികളും അംഗീകരിച്ചുകൊണ്ടുള്ള പ്രമേയവും പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായോടുള്ള ഭക്തിയാദരവുകൾ പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയവും കോവിഡ് 19 മഹാമാരി മൂലം അസോസിയേഷൻ യോഗ ക്രമീകരണങ്ങൾ ലോകത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അനുയോജ്യമായ സാങ്കേതിക സംവിധാനങ്ങൾ പ്രയോ



ജനപ്പെടുത്തി നടത്തിയത് സംബന്ധിച്ച പ്രമേയവും അസോസിയേഷൻ സെക്രട്ടറി അവതരിപ്പിക്കുകയും യോഗം അത് ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, സഖറിയാസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്താ, ഫാ. വർഗീസ് പുന്നകൊമ്പിൽ കോർഎപ്പിസ്ക്കോപ്പാ, അത്മായ ട്രസ്റ്റി ആയിരുന്ന ജോർജ്ജ് പോൾ, എം. ജി. ജോർജ് മുത്തൂറ്റ്, മുൻ അസോസിയേഷൻ സെക്രട്ടറി എം. റ്റി. പോൾ, മാനേജിംഗ് കമ്മറ്റി അംഗം ജേക്കബ് ഉമ്മൻ എന്നിവരുടെ നിര്യാണത്തിലുള്ള അനുശോചനം യോഗം രേഖപ്പെടുത്തി.

ഫാ. ഡോ. എം. പി. ജോർജ്ജ് പ്രാർത്ഥനാ ഗാനം ആലപിച്ചു. ഫാ. ജോൺസൺ കല്ലിട്ടതിൽ കോർ എപ്പിസ്ക്കോപ്പാ വേദവായന നടത്തി.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തെരഞ്ഞെടുപ്പ് അംഗീകരിച്ച് എത്രയും വേഗം കാതോലിക്കാ സ്ഥാനാരോഹണം നടത്തണമെന്ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിനോട് യോഗം അഭ്യർത്ഥിച്ചു. സുന്നഹദോസ് അംഗീകരിക്കുന്ന മുറയ്ക്ക് കാതോലിക്കാ സ്ഥാനാരോഹണം നടത്തുന്നതാണെന്നും കുറിയാക്കോസ് മാർ ക്ലീമീസ് യോഗത്തെ അറിയിച്ചു.

57-ാമത് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗമാണ് പരുമലയിൽ നടന്നത് സഭാ മാനേജിംഗ് കമ്മറ്റിയുടെ ഏക നാമനിർദ്ദേശമായ കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ 22-ാമത് മലങ്കര മെത്രാപ്പോലിത്തായായും 9-ാമത് കാതോലിക്കായുമായിട്ടാണ് അസോസിയേഷൻ യോഗം ഐകകണ്ഠ്യേന തെരഞ്ഞെടുത്തത്. സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന വിശുദ്ധ ഭൂമിയിൽ നടന്ന 11-ാമത് അസോസിയേഷൻ യോഗമാണ് ഇന്നു നടന്നത്. 1876-ൽ മുളന്തുരുത്തി സുന്നഹദോസിൽ രൂപീകരിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, ലോക ക്രൈസ്തവ സഭകളിലെ ഏറ്റവും വിപുലമായ ജനാധിപത്യ പൊതുയോഗമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, എല്ലാ പള്ളി പ്രതിപുരുഷന്മാർക്കും ഒരേ സ്ഥലത്ത് ഒരേ സമയം ഒത്തുചേരാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത്, മെത്രാസന അടിസ്ഥാനത്തിൽ ആഗോള തലത്തിൽ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരുക്കിയ വിവിധ കേന്ദ്രങ്ങളിലായി നാലായിരത്തിൽ അധികം പ്രതിനിധികൾ 30 മെത്രാസനങ്ങളെയും, 1590 ഇടകക

(ശേഷം അഞ്ചാം പേജിൽ)



മലങ്കരസഭ ഒന്നാണ്, ശാശ്വത സമാധാനം ഉണ്ടാവണം

ഒക്ടോബർ 14-നു പരുമല സെമിനാരിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ ഡോ. മാത്യൂസ് മാർ സേവേറിയോസ് മലങ്കര മെത്രാപ്പോലീത്താ ചെയ്ത പ്രസംഗം.

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പ്രസിഡന്റുമായിരുന്ന കാലം ചെയ്ത പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായാൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അദ്ധ്യക്ഷത വഹിക്കുവാൻ നിയമിതനായ ആദരണീയനായ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനി, അഭിവന്ദ്യ തിരുമേനിമാരെ, മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ, വൈദികരെ, പള്ളിപ്രതിപുരുഷന്മാരെ, വാത്സല്യമുള്ളവരെ!

ദൈവകരുണയുടെയും കരുതലിന്റെയും ഈ അവിസ്മരണീയ സന്ദർഭത്തിൽ നമ്മുടെ ഹൃദയം കണ്ണുനീരാലും കൃതജ്ഞതയാലും നിറയുകയാണ്. സർവ്വശക്തനും പരമ കാരുണികനുമായ ദൈവംതമ്പുരാൻ ഇന്നെയോളം പരിശുദ്ധ സഭയെ കാത്തുപരിപാലിക്കുന്ന അതിശയവഴികളെ ഓർക്കുമ്പോൾ അതേറുന്നു. സ്തുതിയും പുകഴ്ചയും കാദീശും എന്നുമെന്നേക്കും നമ്മുടെ ദൈവത്തിനുള്ളതാകുന്നു.

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി നമ്മെ വഴി നടത്തിയ വലിയ ഇടയനായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ധന്യ സ്മരണകൾക്കു മുമ്പിൽ നാം ശിരസ്സ് നമിക്കുന്നു.

മലങ്കരസഭയുടെ ശക്തിയും ശോഭയുമായിരിക്കുന്ന വാത്സല്യ മക്കളെ,

മാർത്തോമ്മൻ മാർഗത്തിൽ ചരിക്കുന്ന മലങ്കരയിലെ മഹാജനസംഘത്തിന്റെ പ്രധാന മേലദ്ധ്യക്ഷനും പ്രധാന ശുശ്രൂഷകനുമായി മലങ്കര മെത്രാപ്പോലീത്തായും കിഴക്കിന്റെ കാതോലിക്കായും എന്ന മഹനീയ സ്ഥാനത്തേക്ക് നിസ്സാരനും ബലഹീനനുമായ നമ്മെ തിരഞ്ഞെടുത്ത ദൈവകരുണയിൽ നിന്നും നാം അകന്നു പോകാതിരിപ്പാൻ നിങ്ങൾ നമുക്കുവേണ്ടി പ്രാർത്ഥിക്കണം. പ്രവാചകന്മാരിൽ തലവനായ മോശയുടെ ഇരുവശവും നിന്ന് അദ്ദേഹത്തിന്റെ കരങ്ങളെ ശക്തിപ്പെടുത്തിയ അഹറോനെയും ഹൂരിനെയും പോലെ നിങ്ങളുടെ അനുദിന പ്രാർത്ഥനകളിൽ നമ്മെയും ഓർക്കണമെന്ന് പൈതൃക സ്നേഹത്തോടെ നാം നിങ്ങളോട് അഭ്യർത്ഥിക്കുന്നു. കർതൃശിഷ്യനായ പ. മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോലിക പാരമ്പര്യം ഇന്നും കാത്തുസൂക്ഷിക്കുന്ന അതിപുരാതനമായ മലങ്കരസഭയുടെ പൗരസ്ത്യ പാരമ്പര്യത്തിന്റെ ജ്വലിക്കുന്ന അടയാളമാണ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ നിലനിന്ന അർക്കദിയാക്കോൻ സ്ഥാനവും മലങ്കരയിലെ ജാതിക്ക് കർത്തവ്യം നിർവ്വഹിച്ച മാർത്തോമ്മൻ മെത്രാൻ സ്ഥാനവും സമന്വയിച്ച ചരിത്രപരമായ വികാസമാണ് മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും കൂടിച്ചേർന്ന സ്ഥാനത്തിൽ നിമഗ്നമായിരിക്കുന്നത്. മലങ്കര നസ്രാണികളുടെ സ്വതന്ത്ര ഭരണക്രമത്തിലേക്കുള്ള അനധികൃതമായ വൈദേശിക ഇടപെടലുകളാണ് മലങ്കരസഭയിലെ തർക്കങ്ങളുടെ അടിസ്ഥാന കാരണം എന്നു നമുക്കറിയാം. മലങ്കര മെത്രാപ്പോലീത്താ ഒരു സ്വദേശിയായിരിക്കണം എന്ന 1848-ലെ കൊല്ലം പഞ്ചായത്ത് വിധിയിൽ ഇതിനുത്തരം ലഭിച്ചതാണ്. 1889-ലെ റോയൽ കോടതി വിധി മുതൽ ഇന്നെയോളം ഈ ദേശത്തിന്റെ ന്യായാധിപന്മാർ അതുറപ്പിച്ച് പറഞ്ഞിട്ടുള്ളതുമാകുന്നു. ഭാരതത്തിലെ ഈ ദേശീയ ക്രൈസ്തവ സഭയുടെ സ്വയംശീർഷകത്വവും സ്വാതന്ത്ര്യബോധവും നിസ്സംശയം വിളിച്ചോതുന്ന മഹാസ്ഥാനമാണ് മലങ്കര മെത്രാപ്പോലീത്താ. പ്രസ്തുത സ്ഥാനമഹിമയ്ക്കനുസൃതമായ ശുശ്രൂഷ നിർവ്വഹിക്കുവാൻ ദൈവം ബലഹീനനായ നമ്മെ ശക്തീകരിക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കണം.

പ്രിയ മക്കളെ,

നമ്മുടെ ദൈവമായ കർത്താവിന്റെ ചട്ടങ്ങളെ അനുസരിച്ച് നടക്കുകയും അവന്റെ കല്പനകൾ പ്രമാണിക്കുകയും തങ്ങളുടെ ഹൃദയം ദൈവമായ കർത്താവിങ്കൽ ഏകാഗ്രമായി നിലനിർത്തി ജീവിക്കുകയും ചെയ്തുപോന്ന മലങ്കര സഭയുടെ പുണ്യവാന്മാരായ പൂർവ്വപിതാക്കന്മാരുടെ സുകൃത നടപടികളുടെ ഗുണഫലമായിട്ടാണ് ഈ തിരഞ്ഞെടുപ്പിനെ നാം തിരിച്ചറിയുന്നത്. സത്യവേദപുസ്തകം അത് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. രാജാക്കന്മാരുടെ ഒന്നാം പുസ്തകം 9-ാം അദ്ധ്യായത്തിൽ യഹോവ ശലോമോനോട് അരുളിചെയ്തിട്ടുള്ള തിരുവചനം ഇപ്രകാരമാണ്, *ഞാൻ നിന്നോട് കല്പിച്ചതൊക്കെയും ചെയ്വാൻ തക്കവണ്ണം എന്റെ മുമ്പാകെ ഹൃദയനിർമ്മലതയോടും പരമാർത്ഥ*

തയോടുംകൂടെ നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ നടക്കുകയും എന്റെ ചട്ടങ്ങളും വിധികളും പ്രമാണിക്കയും ചെയ്താൽ യിസ്രായേൽ രാജാസനത്തിൽ ഇരിപ്പാൻ ഒരു പുരുഷൻ നിനക്ക് ഇല്ലാതെ പോകയില്ല എന്നു ഞാൻ നിന്റെ അപ്പനായ ദാവീദിനോട് അരുളിച്ചെയ്തതുപോലെ യിസ്രായേലിലുള്ള നിന്റെ രാജത്വത്തിന്റെ സിംഹാസനം ഞാൻ എന്നേക്കും സ്ഥിരമാക്കും (1 രാജാ. 9:4, 5).

ആകയാൽ പ്രിയ മക്കളെ,

ദൈവം നമ്മോട് കാട്ടുന്ന വലിയ കൃപയെപ്രതി അവങ്കലേക്ക് നമ്മുടെ ഹൃദയത്തെ ഏകാഗ്രമാക്കണം. ഉയരത്തിൽ വസിക്കുകയും എളിയ കാര്യങ്ങളിൽ പോലും ശ്രദ്ധിക്കുകയും ചെയ്യുന്ന വലിയ ഇടയന്റെ ജാഗ്രതയാണ് നാം പിന്തുടരേണ്ടത്. നിരാലംബരെയും നിരാശ്രയരെയും ബന്ധിതരെയും പീഡിതരെയും അനാഥരെയും വിധവകളെയും *ലോകത്തിന്റെ കളങ്കമേല്ക്കാതെ ശുശ്രൂഷിപ്പാൻ അതിനാൽ നാം ബാദ്ധ്യസ്ഥരാകുന്നു. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവരുടെമേൽ കരുണയുണ്ടാകും* എന്നും (വി. മത്തായി 5.7) താൻ നമ്മെ പഠിപ്പിച്ചിട്ടുള്ളതാകുന്നു. ദൈവകരുണയുടെ മഹാ നദിയായി സഭ ഒഴുകണം. *വി. ത്രോണോസിൽ അർപ്പിക്കപ്പെടുന്ന തിരുബലി ശുശ്രൂഷയിലൂടെ തുടരണം. വി. ത്രോണോസിന്മേൽ അർപ്പിക്കപ്പെട്ട ബലിയുടെ തുടർച്ചയും പൂർത്തീകരണവും സഹോദരങ്ങളായ സഹ ജീവികളുടെ ഹൃദയമാകുന്ന ബലിപീഠങ്ങളിൽ തുടരണം* എന്ന സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ വരികൾ പ്രത്യേകം പ്രസ്താവ്യമാണ്.

ഭാരത സംസ്ക്കാരത്തിന്റെ സനാതന പൈതൃകം പേറുന്ന മലങ്കരസഭാമക്കളുടെ അന്തസ്സും ആഭിജാത്യവും തികവാർജ്ജിക്കുന്നത് കരുണയുടെ വഴികളിലാണ്. പ്രജ്ഞയിൽ നിന്നും കരുണയിലേക്കുള്ള കവിഞ്ഞൊഴുകലാണ് ബോധോദയം എന്ന് പ്രബോധിപ്പിച്ച ശ്രീബുദ്ധനും അഹിംസയെന്ന മഹാമന്ത്രമുരുവിട്ട മഹാത്മാഗാന്ധിയും കരുണ എറുമ്പിനോടും വേണമെന്നോതിയ ശ്രീനാരായണ ഗുരുവും ഈ മണ്ണിൽ രൂപപ്പെട്ടവരാണ്. ജാതിമതവർഗ്ഗവർണ്ണഭേദമെന്യേ മനുഷ്യവംശത്തിന് മനസ്സിലാവുന്നതും കരുണയുടെ ഭാഷയാണ്. അതാണ് സുവിശേഷത്തിന്റെ ഭാഷ. അതാകണം നമ്മുടെ ജീവിതത്തിന്റെ സാക്ഷ്യം.

നമ്മുടെ കർത്താവേശുമശിഹായുടെ ഉത്തമ ശിഷ്യനും ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ചവനുമായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പിന്തുടർച്ചയുടെ അവകാശികളായി മലങ്കരസഭയെ മേയിച്ചുഭരിച്ച ജാതിക്ക് കർത്തവ്യന്മാരായ അർക്കദിയാക്കോൻമാർ, മാർത്തോമ്മാ മെത്രാന്മാർ എന്നിവരിലൂടെ തുടർന്ന് മലങ്കരമെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായി പരിശുദ്ധ സഭയുടെ സ്വത്വത്തിന്റെയും സ്വാത്രന്ത്ര്യബോധത്തിന്റെയും അദ്ധ്യാത്മ പൗരുഷത്തിന്റെയും ആൾരൂപമായി മലങ്കരയിൽ ശോഭിതനായി വാണ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ വരെയെത്തുന്ന മഹാരഥികളായ എല്ലാ പൂർവ്വഗാമികളെയും കൃതജ്ഞതാപൂർവ്വം നാം ഈ സമയം സ്മരിക്കുന്നു. പ്രത്യേകിച്ച് നമ്മുടെ മുൻഗാമി പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ നിലപാടുകളും ദർശനങ്ങളും നമുക്കേറെ ഊർജം പകരുന്നു.

വാത്സല്യ മക്കളെ,

സത്യത്തിലും നീതിയിലും ഉറച്ചുനില്ക്കുകയെന്നത് നിസ്സാരമല്ല. അനേകം പ്രതിസന്ധികൾ ഉണ്ടാവാം. ആക്ഷേപങ്ങൾ, അസത്യ പ്രചരണങ്ങൾ, നിന്ദകൾ, ഉപജാപങ്ങൾ അങ്ങനെ പലതുമുണ്ടാകാം. ഭയപ്പെടരുത്! അപ്പോസ്തലന്മാർ നമ്മെ എത്രയേറെ ധൈര്യപ്പെടുത്തിയിരിക്കുന്നു. *ഈ കഷ്ടങ്ങളിൽ ആരും കുലുങ്ങിപ്പോകാതിരിക്കേണ്ടതിന് നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ നാം ആഗ്രഹിക്കുന്നു* (1 തെസ. 3.2). *തിന്മയോട് തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക* (റോമ. 12:31). *നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ചു, നിങ്ങൾ അവന്റെ കാല്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നുമുണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടമനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തത്* (1 പത്രോസ് 2:20–23).

പ്രിയ മക്കളെ,

നമ്മുടെ പിതാക്കന്മാർ നമ്മെ ഭരമേല്പിച്ച സത്യവഴിയിൽ നാം സഞ്ചരിക്കണം. മലങ്കരസഭ ഒന്നാണ്. ഒരു കുടുംബമാണ്. സഹോദരങ്ങൾ തമ്മിലുള്ള ഭിന്നതകൾ പരിഹരിക്കപ്പെടണം. വിഭാഗീയത നാം ആഗ്രഹിക്കുന്നില്ല. സുസംഘടിതവും സുസ്ഥിരവുമായ ഒരു വ്യവസ്ഥയിൻകീഴിൽ അച്ചടക്കത്തോടെ പരിപാലിക്കപ്പെടേണ്ട ഒരു ജനസംഘമായി നമ്മുടെ സമുദായം നിലനിൽക്കണമെന്ന നമ്മുടെ മുൻഗാമികളുടെ ദർശനമാണ് നാമും പിൻപറ്റുന്നത്. അത്കലഹത്തിന്റെയും ശണ്ഠയുടെയും വിഘടിതവാദത്തിന്റെയും വിഭജനത്തിന്റെയും വികല വീക്ഷണമല്ല; പിന്നെയോ, ശാശ്വത സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥനാപൂർവ്വമായ നിലപാടാണ്.

വി. ത്രിത്വവിശ്വാസം, നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, സത്യവേദപുസ്തക ദർശനം, മലങ്കരസഭയുടെ അപ്പോസ്തോലിക പാരമ്പര്യം, ഓറിയന്റൽ ഓർത്തഡോക്സ് ആരാധന പൈതൃകം, 1934-ൽ നിലവിൽ വന്ന ഭരണഘടന, വിവിധ കോടതികളിലെ വിധിതീർപ്പുകൾ എന്നിവയിലൂടെയാകണം നമ്മുടെ അച്ചടക്കത്തെ നാം നിർവ്വചിക്കേണ്ടത്.

ദൈവം *കലക്കത്തിന്റെ ദൈവമല്ല: സമാധാനത്തിന്റെ ദൈവമത്രെ* (1 കൊരി. 14.33). *യന്നേസും യംബ്രേസും മോശയോട് എതിർത്തു നിന്നതുപോലെ സത്യത്തോട് മറുത്ത് നിൽക്കുന്നത് എത്രയോ ബുദ്ധിശൂന്യമാണ്* (2 തീമോ. 3:8, 9). അത് എത്ര നിർഭാഗ്യകരവുമാണ്.

മലങ്കരസഭ കാലാകാലങ്ങളിൽ നേരിട്ടുപോന്ന അധിനിവേശങ്ങളുടെ ദോഷവശങ്ങളെ തികഞ്ഞ ജാത്യാഭിമാനത്തോടും ദേശാഭിമാനത്തോടും കൂടെ നാം എന്നും എതിർത്തു പോന്നിട്ടുണ്ട്. എന്നാൽ ഗുണഫലങ്ങളെ നാം നന്ദിപൂർവ്വം സ്മരിക്കുന്നുമുണ്ട്. പൗരസ്ത്യ-പാശ്ചാത്യ സഭകളിൽ നിന്നെത്തിയ പിതാക്കന്മാരിൽ നമ്മുടെ സ്മരണകളിൽ പ്രാർത്ഥനാപൂർവം നിറഞ്ഞു നിൽക്കുന്നവർ അനേകരുണ്ട്. പ്രത്യേകാൽ, ഈ മണ്ണിൽ നിദ്ര പ്രാപിച്ചിരിക്കുന്ന പരിശുദ്ധ ബസേലിയോസ് യൽദോ ബാവായുടെയും പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെയും പവിത്ര സ്മൃതികൾ എത്രയോ പ്രകാശമുള്ളവയാണ്.

പ്രിയ മക്കളെ,

നാം ദീർഘിപ്പിക്കുന്നില്ല. ഈ സഭ ഒരു എപ്പിസ്ക്കോപ്പൽ സഭയാണ്. പരിശുദ്ധ സുന്നഹദോസിലെ അംഗങ്ങളായ എല്ലാ സഹോദര മെത്രാപ്പോലീത്തന്മാരുടെയും പ്രാർത്ഥനകളും സഹകരണവും നാം അങ്ങേയറ്റം വിലമതിക്കുന്നു. നമ്മെ ഈ ശുശ്രൂഷയ്ക്ക് ഒരുക്കിയ വന്ദ്യ ഗുരുക്കന്മാർ അനേകരാണ്. കാലയവനികയിൽ മറഞ്ഞിട്ടും ഇന്നും നമുക്കായി പ്രാർത്ഥിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും വന്ദ്യനായ കോരുത് മല്പാനച്ചനും മുതൽ ഇന്നും നമുക്കിടയിൽ സ്വാതിക തേജസ്സായി നിലകൊള്ളുന്ന വന്ദ്യ റ്റി. ജെ. ജോഷ്വാ അച്ചനിലൂടെ തുടരുന്ന ഗുരുപരമ്പരകളുടെ ആശീർവാദവും നാം തേടുന്നു.

അതോടൊപ്പം നമ്മുടെ വാത്സല്യനിധികളായ വൈദികസമൂഹത്തിന്റെ പ്രാർത്ഥനകൾ നമ്മെ ഏറെ ബലപ്പെടുത്തുന്നതാണ്. ഒരു സഭയുടെ ജീവൻ അതിലെ പട്ടക്കാരുടെ ആത്മീയ അവസ്ഥയെ മാത്രം ആശ്രയിച്ചിരിക്കുന്നുവെന്ന് പൈതൃകസ്നേഹത്തോടെ നാം നിങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

പ്രിയരെ,

മതബഹുസ്വരത നിലനിൽക്കുന്ന ഈ ദേശത്ത് ഇന്നുവരെയും പുലരുന്ന സഹിഷ്ണുതയുടെയും സാഹോദര്യത്തിന്റെയും സ്നേഹാഭിമുഖ്യങ്ങൾ തുടരണം എന്നുതന്നെയാണ് നമ്മുടെ ആഗ്രഹവും. ഒരേ അപ്പോസ്തോലിക പൈതൃകം പേറുന്ന നമ്മുടെ സഹോദരീ സഭാ ബന്ധങ്ങളിലും നീതിയിലും സത്യത്തിലും അധിഷ്ഠിതമായ പാരസ്പര്യം എന്നുമുണ്ടായിരിക്കുമെന്നും നാം പ്രത്യാശിക്കുന്നു.

മലങ്കരസഭയുടെ നീതിനിഷ്ഠമായ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന ഉത്തമന്മാരും ധാർമ്മികരുമായ സകല ഭരണകർത്താക്കളെയും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു. പൊതുജന ക്ഷേമാർത്ഥമുള്ള എല്ലാ പ്രവർത്തനങ്ങളിലും രാഷ്ട്രീയഭേദമെന്യേ സഭയുടെ നിർലോഭമായ

സഹകരണമുണ്ടാവും എന്നുറപ്പ് നല്കുന്നു.

വാത്സല്യ മക്കളെ,

മഹത്തായ ഈ നിയോഗവും ശുശ്രൂഷയും ബലഹീനനായ നമ്മെ ഭരമേല്പിച്ച ദൈവസ്നേഹത്തെ ഓർക്കുമ്പോൾ നാം ഇനിയുമേറേ വിനയത്തിൽ വളരാൻ നിർബന്ധിതനാകുന്നു. പറഞ്ഞാൽ തീരാത്ത കടപ്പാടുകളോടെ മാത്രം ഓർമ്മിക്കേണ്ട മാതാപിതാക്കളും സഹോദരങ്ങളും ഗുരുക്കന്മാരുമായ ഏവരേയും ഈ സമയത്ത് പ്രാർത്ഥനാപൂർവം ഹൃദയത്തിൽ ഓർക്കുന്നു.

പ്രിയമുള്ളവരേ,

സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിക്കാത്തവനും കുറ്റമില്ലാതെ നിൽക്കുന്നവനും സത്യവചനത്തെ ശരിയായി പഠിപ്പിക്കുന്നവനും ദൈവജനത്തിനു വേണ്ടി നിരന്തരം അപേക്ഷിക്കുന്നവനുമായിരിപ്പാൻ നിങ്ങൾ നമുക്കുവേണ്ടി പ്രാർത്ഥിക്കണം.

എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ ആകുന്നു (ഫിലി. 4:13).

നമ്മുടെ മഹാനായ മുൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ വാക്കുകൾപോലെ, *അഭിമാന ധന്യമായ, സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കുന്ന, മാർത്തോമ്മാ മക്കളായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാമക്കൾ, നൂറ്റാണ്ടുകളായി ഏതൊരു സിംഹാസനത്തെ ജീവനു തുല്യമായി സ്നേഹിക്കുന്നുവോ, ആ മാർത്തോമ്മായുടെ സിംഹാസനത്തോടും അതിൽ വാണരുളിയിട്ടുള്ള പിതാക്കന്മാരോടുമുള്ള വിധേയത്വവും വിശ്വാസവും* 2021 ഒക്ടോബർ മാസം 14-ാം തീയതി പരുമലയിൽ സമ്മേളിച്ചിരിക്കുന്ന ഈ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ ഉറക്കെ പ്രഖ്യാപിക്കുന്നതിൽ നാം അഭിമാനിക്കുന്നു.

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായിലൂടെ മലങ്കരസഭയ്ക്ക് സിദ്ധിച്ച അപ്പോസ്തോലിക പൈതൃകം കണ്ണിലെ കൃഷ്ണമണിപോലെ നാം കാത്തുസൂക്ഷിക്കും. മലങ്കരസഭയുടെ സ്വയംശീർഷകത്വവും തദ്ദേശീയതയും സ്വാതന്ത്ര്യബോധവും കാത്തുസംരക്ഷിക്കുന്നതിൽ മരണത്തോളം പോരാടിയ ജാതിക്ക് കർത്തവ്യന്മാരായ അർക്കദിയാക്കോന്മാരുടെയും മാർത്തോമ്മാ മെത്രാന്മാരുടെയും മലങ്കര മെത്രാപ്പോലീത്താമാരുടെയും സുധീര പാരമ്പര്യം നിർവിഘ്നം, നിർഭയം പരിരക്ഷിക്കുന്നതിന് നാം എന്നാളും പ്രതിജ്ഞാബദ്ധനാണെന്ന് മലങ്കര നസ്രാണി ജനസംഘത്തിന്റെ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റ് എന്ന നിലയിലും ഈ മഹായോഗത്തിന്റെ മുമ്പാകെ നാം ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും കരുണയും നിങ്ങളേവരുടെ മേലും എന്നാളും ഉണ്ടായിരിക്കട്ടെ. ❑

പിൻഗാമിയായി തെരഞ്ഞെടുത്തു...

(രണ്ടാം പേജിൽ നിന്നും)

ളെയും പ്രതിനിധീകരിച്ച് 3091 അംഗങ്ങൾ ഹാജർ രേഖപ്പെടുത്തി അസോസിയേഷനിൽ പങ്കെടുത്തു. അസോസിയേഷൻ അംഗങ്ങളായ മെത്രാപ്പോലീത്താമാരും, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും മാത്രമാണ് പരുമലയിൽ സമ്മേളിച്ചതെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.

രാവിലെ 9 മണി മുതൽ 12 വരെ സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ അസോസിയേഷൻ പ്രതിനിധികളുടെ രജിസ്ട്രേഷൻ പരുമലയിലും, മറ്റ് പ്രതിനിധികളുടെ രജിസ്ട്രേഷൻ അതേ സമയത്തുതന്നെ ഭദ്രാസന അടിസ്ഥാനത്തിൽ ക്രമീകരിച്ച വിവിധ കേന്ദ്രങ്ങളിലും നടന്നു. പ്രാർത്ഥനയ്ക്കും കബറിങ്കലെ ധൂപപ്രാർത്ഥനയ്ക്കു ശേഷം നടന്ന ഘോഷയാത്രയുടെ ഏറ്റവും മുമ്പിലായി കാതോലിക്കേറ്റ് പതാക ഏന്തിയ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ തുടർന്ന് അസോസിയേഷൻ സെക്രട്ടറി, വൈദിക ട്രസ്റ്റി, മെത്രാപ്പോലീത്തൻമാർ എന്ന ക്രമത്തിൽ സമ്മേളന നഗറിൽ പ്രവേശിച്ചു.

സീനിയർ മെത്രാപ്പോലീത്തായും അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ പ്രസിഡന്റുമായ കുറിയാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്താ മലങ്കര അസോസിയേഷന് അദ്ധ്യക്ഷത വഹിച്ചു. ഫാ. അലക്സാണ്ടർ ജെ. കുര്യൻ മുഖ്യ വരണാധികാരിയായി പ്രവർത്തിച്ചു. മെത്രാപ്പോലീത്താമാരായ ഡോ. തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ മിലിത്തോസ്, സഖറിയാ മാർ അന്തോണിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, സഖറിയാ മാർ നിക്കോളാവോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, യൂഹാനോൻ മാർ പോളികാർപ്പോസ്, മാത്യൂസ് മാർ തേവോദോസ്യോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, എബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, യാക്കോബ് മാർ ഏലിയാസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. സഖറിയാസ് മാർ അപ്രേം, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം, വൈദിക ട്രസ്റ്റി ഫാ.ഡോ. എം.ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ സംബന്ധിച്ചു.

സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി അസോസിയേഷൻ യോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ സമാനതകളില്ലാത്ത സാമൂഹ്യ സേവനത്തിന്റെയും കാരുണ്യത്തിന്റെയും വറ്റാത്ത ഉറവയും ദൈവശാസ്ത്ര



പണ്ഡിതനുമാണ്. 1949 ഫെബ്രുവരി 12-ന് കോട്ടയം വാഴൂർ മറ്റത്തിൽ ചെറിയാൻ അന്ത്രയോസിന്റെയും മറിയാമ്മയുടെയും മകനായി ജനിച്ച അദ്ദേഹം ജന്മദേശത്തെ വിദ്യാലയങ്ങളിൽ നിന്നായി പ്രാഥമിക വിദ്യാഭ്യാസവും കോട്ടയം സി.എം.എസ്. കോളേജിൽ നിന്ന് ബിരുദവും പൂർത്തിയാക്കിയാണ് 1973-ൽ വൈദിക വിദ്യാഭ്യാസത്തിനായി കോട്ടയം പഴയ സെമിനാരിയിൽ എത്തുന്നത്. റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്നും പി.ജി. ഡിപ്ലോമായും ലഭിച്ചു. റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സുറിയാനി പാരമ്പര്യത്തിൽ മാബൂഗിലെ മാർ പീലക്സീനോസിന്റെ ക്രിസ്തു ശാസ്ത്ര ദർശനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഗവേഷണത്തിന് ഡോക്ടറേറ്റ് ലഭിച്ചു. 1978-ൽ വൈദികനായ അദ്ദേഹം 1991-ൽ പരുമലയിൽ വച്ച് എപ്പിസ്കോപ്പായായി അഭിഷിക്തനായി. 1993 മുതൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായാണ്. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി, വൈദീക സംഘം പ്രസിഡന്റ്, ബസ്ക്യാമ്മ അസോസിയേഷൻ പ്രസിഡന്റ്, സ്ലീബാദാസ സമൂഹം പ്രസിഡന്റ് തുടങ്ങിയ നിലകളിലും, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അസിസ്റ്റന്റായും പ്രവർത്തിച്ചു. നിലവിൽ കോട്ടയം പഴയ സെമിനാരിയുടെ വൈസ് പ്രസിഡന്റും, ദിവ്യബോധനം പ്രസിഡന്റും, ഇടുക്കി, മലബാർ ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായും പ്രവർത്തിക്കുന്നു. ജാതി-മത ഭേതമന്യേ സാധുജനങ്ങൾക്ക് നിസ്വാർത്ഥ സഹായം നല്കുന്ന 16 പ്രസ്ഥാനങ്ങളുടെ സ്ഥാപകനുമാണ് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ. ❑

സഭാചരിത്രം

മലങ്കര അസോസിയേഷൻ 1653 മുതൽ 2021 വരെ

**ഡോ. എം. കുര്യൻ തോമസ്,
വർഗീസ് ജോൺ തോട്ടപ്പുഴ**

ആദിമസഭയുടെ ശക്തിയായിരുന്നു യോഗം. *ജനമെല്ലാം ഏകമനസോടെ* ഒന്നിച്ചുകൂടി സഭാകാര്യങ്ങൾ തീരുമാനിച്ചിരുന്നു. പ്രാദേശിക സഭകൾ ഭരണ ശ്രേണിയിലെ ഘടകങ്ങളാകുകയും എപ്പിസ്കോപ്പസി ശക്തിയാർജിക്കുകയും ചെയ്തതോടെ ആഗോളസഭയിൽ യോഗങ്ങൾ അപ്രസക്തങ്ങളായി.

എന്നാൽ മദ്ധ്യപൗരസ്ത്യ ദേശവും യൂറോപ്പും കേന്ദ്രമാക്കി വളർന്ന ക്രൈസ്തവ സഭാ ഭരണരീതി അവരുമായി നേരിട്ടു ബന്ധപ്പെടാതിരുന്ന കേരള ക്രൈസ്തവർക്ക് അപരിചിതമായിരുന്നു. ആദിമസഭയുടെ തനിമയിൽ ഇട വകപള്ളികളും, മലങ്കരസഭ മുഴുവനും പള്ളിയോഗങ്ങളാലും *മലങ്കര പള്ളി യോഗ*ത്താലും ഭരിക്കപ്പെട്ടു. *ജാതിക്കു തലവനായ* അർക്കദിയാക്കോൻ (Archdeacon of All India) ആയിരുന്നു മലങ്കര പള്ളിയോഗത്തിന്റെ തലവൻ. *സുന്നഹദോസ്* എന്ന പേരിലാണ് 16 മുതൽ 19 വരെയുള്ള നൂറ്റാണ്ടുകളിലെ മലങ്കര പള്ളിയോഗങ്ങൾ അറിയപ്പെടുന്നത്. പട്ടക്കാരും ജനങ്ങളും ഉൾപ്പെട്ടതായിരുന്നു *മലങ്കര പള്ളിയോഗം*.

മലങ്കരപള്ളിയോഗത്തിന്റെ പ്രാമാണ്യത്തിന്റെ ഏറ്റവും വലിയ തെളിവ് ഉദയംപേരൂർ സുന്നഹദോസ് തന്നെയാണ്. മലങ്കര നസ്രാണികളെ റോമാ പാപ്പായുടെ കീഴിലാക്കാൻ *സർവ്വശക്തനായ* ആർച്ച്ബിഷപ്പ് മെനസിസിന് റോമൻ സഭയുടെ കാനോനകൾക്ക് വിരുദ്ധമായി ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടേണ്ടി വന്നു. കാരണം, *മലങ്കര പള്ളിയോഗ*ത്തിന്റെ സമ്മതം കൂടാതെ യാതൊരു തീരുമാനവും ഈ സഭയ്ക്ക് ബാധകമല്ലായിരുന്നു. ഉദയംപേരൂരിനു ശേഷം *മലങ്കര പള്ളിയോഗ*ത്തെ ഇല്ലാതാക്കുവാൻ റോമൻ സഭാധികാരികൾ ബോധപൂർവമായ ശ്രമം നടത്തിയെങ്കിലും അതു വിജയിച്ചില്ല. ജാതിക്കുതലവനായ പകലോമറ്റം തോമ്മാ അർക്കദിയാക്കോന്റെ സ്വാതന്ത്ര്യസമരത്തിനു പിന്നിലെ ശക്തി, ഒറ്റക്കെട്ടായി നിന്ന മലങ്കര പള്ളി യോഗമായിരുന്നു. 1599-നും 1653-നും ഇടയിൽ *മലങ്കരപള്ളി യോഗം* സമ്മേളിച്ചപ്പോഴൊക്കെ ഈ ഐക്യ ദാർഢ്യം പ്രകടമായിരുന്നു.

കീഴ്വഴക്കങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള മലങ്കര പള്ളിയോഗത്തിന് നിയതമായ ഒരു നിയമാവലി ഉണ്ടാക്കാനുള്ള ശ്രമം 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് ആരംഭിച്ചുവെങ്കിലും 1876-ലെ മുളന്തുരുത്തി സുന്നഹദോസിലാണ് ആ ശ്രമം വിജയിച്ചത്. 1934-ൽ മലങ്കരസഭാ ഭരണഘടന പാസ്സാക്കിയതോടുകൂടി *മലങ്കരപള്ളിയോഗ*ത്തിനു വ്യക്തമായ ഒരു നിയമാവലി ഉണ്ടായി. പക്ഷേ ഈ പ്രക്രിയകൾക്കിടയിൽ അതിന്റെ അധികാരങ്ങളിൽ നല്ല പങ്കും ചോർന്നുപോയി. എന്നാൽ ഇന്നും മലങ്കരസഭയുടെ അത്യുന്നത നിയമ നിർമ്മാണകേന്ദ്രം *മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ* എന്ന *മലങ്കര പള്ളിയോഗം* തന്നെയാണ്.

1653 മുതൽ 2020 വരെ നടന്ന സുപ്രധാന *മലങ്കര പള്ളിയോഗ*ങ്ങളുടെ ഒരു ലഘുവിവരണമാണ് താഴെ. 1876-ന് മുമ്പുള്ള പല യോഗങ്ങളും വിട്ടുപോയിരിക്കാൻ സാധ്യതയുണ്ട് (സ്ഥലം, അദ്ധ്യക്ഷൻ, തീയതി, തീരുമാനം എന്ന ക്രമത്തിൽ):

1. മട്ടാഞ്ചേരി – 1653 ജനുവരി 3 – പകലോമറ്റം തോമ്മാ അർക്കദിയാക്കോൻ – റോമൻ കത്തോലിക്കാ സഭയുമായി ബന്ധം വിഛേദിച്ച് കൂനൻകുരിശു സത്യം ചെയ്തു.

2. ഇടപ്പള്ളി – 1653 ഫെബ്രുവരി 5 – പകലോമറ്റം തോമ്മാ അർക്കദിയാക്കോൻ – *ജാതിക്കുകർത്തവ്യൻ* തോമ്മാ അർക്കദിയാക്കോനെ *വേദതലവനായി* തെരഞ്ഞെടുത്തു.



3. ആലങ്ങാട് – 1653 ജൂൺ 1 – പകലോമററം തോമ്മാ അർക്കദിയാക്കോൻ – തോമ്മാ അർക്കദിയാക്കോനെ, മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിച്ചു. നാലു പട്ടക്കാരെ അദ്ദേഹത്തിന്റെ ആലോചനക്കാരായി നിയമിച്ചു. മൂന്നു വർഷം കൂടുമ്പോൾ യോഗം കൂടി ആലോചനക്കാരെ മാറ്റി നിയമിക്കണമെന്നും തീരുമാനിച്ചു.

4. ചെങ്ങന്നൂർ – 1686 – പാശ്ചാത്യ സുറിയാനി മെത്രാൻ മാർ ഈവാനിയോസ് ഹദിയള്ള – അടിസ്ഥാന അലക്സന്ത്ര്യൻ വേദശാസ്ത്ര പ്രമാണങ്ങളിൽ അഞ്ചെണ്ണം (സഭ, സ്വർഗ്ഗം, പ. റൂഹാ, നോമ്പ്, വി. കുർബാന) മലങ്കര സഭ അംഗീകരിച്ചു. ബാക്കി കാര്യങ്ങളിൽ *കീഴ്നടപ്പ്* തുടരാനും തീരുമാനിച്ചു.

5. കണ്ടനാട് – 1774 ജൂൺ (949 മിഥുനം) വലിയ മാർ ദീവന്നാസിയോസ് (ആറാം മാർത്തോമ്മാ) – അനധികൃതമായി മെത്രാൻ പട്ടമേറ്റ് കൊച്ചി രാജ്യത്ത് അധികാരം നടത്തിയ കാട്ടുമങ്ങാട്ട് മാർ കൂറിലോസിനെ *വടിയും മുടിയും വയ്പ്പിച്ച്* സ്ഥാനഭ്രഷ്ടനാക്കി.

6. നിരണം – 1780 നവംബർ (956 തുലാം 21) – വലിയ മാർ ദീവന്നാസിയോസ് – തിരുവിതാംകൂർ സർക്കാരിൽ അടിയറ തീർക്കാൻ 40,000 പണം പള്ളിക്കാർക്ക് വരിയിട്ടു. പസാരം നൂറു പണമിടയ്ക്ക് നാലും ആറുമായി ഒരു രാശി (ഈ അനുപാതം വരനും വധുവിനുമാകണം) ആയി നിശ്ചയിച്ചു.

7. മാവേലിക്കര – 1789 (കൊല്ലവർഷം 964) – വലിയ മാർ ദീവന്നാസിയോസ് – വി. യാക്കോബിന്റെ കുർബാന തക്സാ ഉൾപ്പെടെ പാശ്ചാത്യ സുറിയാനിക്രമങ്ങൾ മലങ്കരസഭ സ്വീകരിച്ചു. വിവാഹവും മാമോദീസായും കീഴ്വഴക്കമനുസരിച്ച് തുടരാനനുവദിച്ചു.

8. നിരണം – 1807 ഡിസംബർ (983 ധനു 5) – വലിയ മാർ ദീവന്നാസിയോസ് – അന്ത്യോഖ്യൻ മെത്രാൻ മാർ ദീയസ്കോറോസിന്റെ ഭരണാവകാശവാദം നിരാകരിച്ചു.

9. കണ്ടനാട് – 1809 ആഗസ്റ്റ് 13 (985 ചിങ്ങം 1) – മാർത്തോമ്മാ എട്ടാമൻ – സുപ്രധാനമായ ഈ യോഗത്തിൽ വച്ച് മാർത്തോമ്മാ എട്ടാമനെ മോതിരമിടുവിച്ച് മലങ്കര മെത്രാനായി അംഗീകരിച്ചു. കായംകുളം ഫീലിപ്പോസ് റമ്പാനേയും പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി അദ്ദേഹത്തെയും മെത്രാന്റെ കാര്യവിചാരകരായി നിയമിച്ചു. *കണ്ടനാട് പടിയോല* എന്ന പ്രസിദ്ധമായ പ്രഖ്യാപനത്തിലൂടെ മലങ്കരസഭയുടെ ആത്മീയവും ലൗകികവുമായ വിവിധ വിഷയങ്ങളെപ്പറ്റി പതിനൊന്ന് ഭാഗമുള്ള നിയമാവലി പാസ്സാക്കി. മറ്റു ക്രമങ്ങൾ പൂർണ്ണമായി ഉപേക്ഷിച്ച് മലങ്കരസഭ പാശ്ചാത്യ സുറിയാനിക്രമങ്ങളെ സ്വീകരിച്ച് ആരാധനാക്രമങ്ങൾ ഏകീകരിക്കുന്നതും അതിനായി രണ്ട് *പഠിത്ത വീടുകൾ* സ്ഥാപിക്കുന്നതുമാണ് ഇവയിൽ മുഖ്യം.

10. കോട്ടയം (?) – 1816 ജനുവരി – (991 മകരം) – കിടങ്ങൻ മാർ പീലക്സീനോസ് – പകലോമറ്റം പാരമ്പര്യ വാഴ്ച അവസാനിപ്പിക്കുകയും പകരം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുകയും ചെയ്തു.

11. കോട്ടയം ചെറിയപള്ളി – 1817 ജനുവരി (992 മകരം 10) – കിടങ്ങൻ മാർ പീലക്സീനോസ് – പുന്നത്ര കുര്യൻ കത്തനാരെ വികാരി ജനറലായി നിയമിച്ചു.

12. മാവേലിക്കര – 1818 ഡിസംബർ 3 – പുന്നത്ര മാർ ദീവന്നാസിയോസ് – ഇംഗ്ലീഷ് മിഷണറിമാർ ആവശ്യപ്പെട്ടതനുസരിച്ചുള്ള പരിഷ്ക്കാരങ്ങൾ മലങ്കരസഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ വരുത്തണമോ എന്ന് പഠിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിച്ചു.

13. കോട്ടയം ചെറിയപള്ളി – 1825 ജൂൺ 27 (1000 മിഥുനം 15) – കിടങ്ങൻ മാർ പീലക്സീനോസ് – ചേപ്പാട് ആഞ്ഞിലിമൂട്ടിൽ ഫിലിപ്പോസ് മല്പാനെ മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു.

14. കോട്ടയം ചെറിയപള്ളി – 1825 ഡിസംബർ (1001 ധനു 13–16) – ചേപ്പാട് മാർ ദീവന്നാസിയോസ് – അന്ത്യോഖ്യായിൽ നിന്നും വന്ന് *മലങ്കര മെത്രാൻ* സ്ഥാനം അവകാശപ്പെട്ട മാർ അത്താനാസിയോസ് എന്ന മെത്രാനെ മാർ പീലക്സീനോസിന്റെയും മാർ ദീവന്നാസിയോസ് നാലാമന്റെയും സഹായിയായി മാത്രം അംഗീകരിച്ചു.

15. മാവേലിക്കര – 1836 ജനുവരി 16 (1011 മകരം 5) – ചേപ്പാട് മാർ ദീവന്നാസിയോസ് – പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ നവീകരണ നിർദ്ദേശങ്ങൾ പാടെ തിരസ്ക്കരിച്ച് *മാവേലിക്കര പടിയോല* എഴുതി.

16. കണ്ടനാട് – 1843 ആഗസ്റ്റ് 15 (1019 ചിങ്ങം 3) – ചേപ്പാട് മാർ ദീവന്നാസിയോസ് – പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസിയോസിന്റെ സ്ഥാത്തിക്കോൻ അംഗീകരിക്കാൻ വിസമ്മതിച്ചു.

17. കോട്ടയം പഴയസെമിനാരി – 1853 ഫെബ്രുവരി 14 (1028 കുംഭം 2) – പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസിയോസ് – ഇടവഴീക്കൽ ഫീലിപ്പോസ് കത്തനാർ മുതൽപേർ മുൻകൈയെടുത്തു തയ്യാറാക്കിയ മലങ്കരസഭയുടെ വിശ്വാസ, ആചാര, ഭരണസംബന്ധമായി 101 ഭാഗങ്ങളുള്ള ഒരു *ചട്ടവര്യോല* പാസ്സാക്കി. മലങ്കരസഭയുടെ ആദ്യ സമ്പൂർണ ലിഖിത ഭരണഘടനയാണ് ഇത്.

18. കോട്ടയം പഴയസെമിനാരി – 1869 ഒക്ടോബർ 21 (തുലാം 9) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് – വട്ടിപ്പണപ്പലിശ വാങ്ങുന്നതിന് കൂട്ടു ട്രസ്റ്റികളായി താഴത്ത് ചാക്കോ ചാണ്ടപ്പിള്ള കത്തനാരെയും കുളങ്ങര ഇട്ടിച്ചൻ പൈലിയേയും തെരഞ്ഞെടുത്തു.

19. കോട്ടയം പഴയസെമിനാരി – 1870 ഫെബ്രുവരി 7 (മകരം 26) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് – വട്ടിപ്പണം ചെലവാക്കുന്നതിനും സെമിനാരി പഠനം സുഗമമായി നടത്തുന്നതിനുമായി ഒരു കമ്മിറ്റി ഉണ്ടാക്കാൻ തീരുമാനിച്ചു. പത്തു ഭാഗങ്ങളുള്ള ഒരു *പടിയോലയും* പാസ്സാക്കി.

20. പരുമല സെമിനാരി – 1873 സെപ്റ്റംബർ 8 – യൂയാക്കിം മാർ കൂറിലോസ്/പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമൻ – മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിക്കും രൂപംകൊടുത്തു. വിശദമായ ഒരു നിയമാവലി പാസാക്കി.

21. മുളന്തുരുത്തി പള്ളി – 1876 ജൂൺ 27–30 – പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് – സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും രൂപീകരിച്ചു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 24 പേരെ തെരഞ്ഞെടുത്തു.

22. വെളിയനാട് പള്ളി – 1877 ജനുവരി 27–30 – പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് – മെത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള *മലങ്കര പള്ളിയോഗ*ത്തിന്റെ അവകാശം പാത്രിയർക്കീസ് ബാവാ അംഗീകരിക്കാതിരുന്നതിനാൽ പ്രതിനിധികൾ യോഗം ബഹിഷ്ക്കരിച്ചു.

23. പരുമല സെമിനാരി – 1878 ഫെബ്രുവരി 18 – പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമൻ – പുതിയ കമ്മിറ്റിക്കാരെ നിശ്ചയിച്ചു. നവീകരണക്കാരുമായുള്ള കേസും അതിനായുള്ള പണപ്പിരിവും ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചു.

24. പുതുപ്പള്ളി പള്ളി – 1879 ഏപ്രിൽ 26 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – കേസു മൂലമുണ്ടായ കടം വീട്ടാൻ നടപടി. പള്ളികളെ നാലു ക്ലാസായി തിരിച്ചു. പിരിവു തുക നിശ്ചയിച്ചു.

25. കോട്ടയം പഴയസെമിനാരി – 1886 സെപ്റ്റംബർ 11–13 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – ഇടവകപള്ളികളുടെ വരുമാനത്തിന്റെ അഞ്ചു ശതമാനം എല്ലാ വർഷവും പൊതുവകയ്ക്ക് നല്കണം. കൂട്ടു ട്രസ്റ്റിമാരായി കോനാട്ട് കോര യോഹന്നാൻ മല്പാനെയും കുന്നുംപുറത്ത് കോര ഉലഹന്നാനെയും തെരഞ്ഞെടുത്തു.

26. കോട്ടയം പഴയസെമിനാരി – 1892 മാർച്ച് 30, 31 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – മാനേജിംഗ് കമ്മിറ്റിയിലേക്ക് പുതിയതായി 24 പേരെ തെരഞ്ഞെടുത്തു. കമ്മിറ്റിയുടെ നടപടിക്രമങ്ങൾക്ക് രൂപംകൊടുത്തു.

27. കോട്ടയം പഴയസെമിനാരി – 1895 നവംബർ 21–23 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – വൈദിക ട്രസ്റ്റിയായ കോനാട്ട് കോര യോഹന്നാൻ മല്പാന്റെ നിര്യാണം മൂലം ഒഴിവു വന്ന സ്ഥാനത്തേക്ക് കോനാട്ട് കോര മാത്തൻ മല്പാനെ തെരഞ്ഞെടുത്തു.

28. കോട്ടയം പഴയസെമിനാരി – 1901 ഏപ്രിൽ 24, 25 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – കുന്നുംപുറത്ത് കോര ഉലഹന്നാൻ മരിച്ച ഒഴിവിൽ കുന്നുംപുറത്ത് സി. ജെ. കുര്യനെ അത്മായ ട്രസ്റ്റിയായും 24 അംഗ മാനേജിംഗ് കമ്മിറ്റിയേയും തെരഞ്ഞെടുത്തു. മാർ ദീവന്നാസിയോസിന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷിക്കണം എന്നു തീരുമാനിച്ചു.

29. കോട്ടയം പഴയസെമിനാരി – 1908 ഫെബ്രുവരി 27 – മാർ ദീവന്നാസിയോസ് അഞ്ചാമൻ – മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെയും, കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മേല്പട്ട സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. ഇവരിൽ വട്ടശ്ശേരിൽ റമ്പാനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായി നിശ്ചയിച്ചു. 26 അംഗ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തു.

30. കോട്ടയം പഴയസെമിനാരി – 1909 നവംബർ 25–27 – പ. അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് – പാത്രിയർക്കീസ് ലൗകികാധികാരം ആവശ്യപ്പെട്ടത് യോഗം നിരസിച്ചതിനാൽ തീരുമാനമെടുക്കാതെ പിരിഞ്ഞു.

31. കോട്ടയം എം.ഡി. സെമിനാരി – 1911 സെപ്റ്റംബർ 7 – വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് ആറാമൻ – *ബാവാ കക്ഷിയിൽ* ചേർന്ന കോനാട്ട് കോര മാത്തൻ മല്പാൻ, സി. ജെ. കുര്യൻ എന്നിവരെ മാറ്റി പകരം പാലപ്പള്ളിൽ മാണി പൗലോസ് കത്തനാരെയും ചിറക്കടവിൽ കോര കൊച്ചുകോരുളയെയും കൂട്ടു ട്രസ്റ്റികളായി തെരഞ്ഞെടുത്തു.

32. കോട്ടയം പഴയസെമിനാരി – 1930 സെപ്റ്റംബർ 4 – മാർ ദീവന്നാസിയോസ് ആറാമൻ – ആറു പേരെ മേല്പട്ടസ്ഥാനത്തേക്കും 36 പേരെ മാനേജിംഗ് കമ്മിറ്റിയിലേക്കും തെരഞ്ഞെടുത്തു. ഒ. എം. ചെറിയാൻ കൺവീനറായി ഭരണഘടനാ രൂപീകരണ സമിതിയെ നിയമിച്ചു.

33. കോട്ടയം എം.ഡി. സെമിനാരി – 1931 ജൂലൈ 10 – മാർ ദീവന്നാസിയോസ് ആറാമൻ – ചിറക്കടവിൽ കോര കൊച്ചുകോരുളയുടെ നിര്യാണം മൂലം ഒഴിവു വന്ന സ്ഥാനത്തേക്ക് എറികാട് ഇ. ഐ. ജോസഫിനെ കൂട്ടു ട്രസ്റ്റിയായി തെരഞ്ഞെടുത്തു.

34. കോട്ടയം എം.ഡി. സെമിനാരി – 1934 ഡിസംബർ 26 – പ. ഗീവർഗീസ്

ദ്വിതീയൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കാ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. സഭാഭരണഘടന പാസ്സാക്കി. 60 അംഗ മാനേജിംഗ് കമ്മിറ്റിയെയും ഒരാളെ മേല്പട്ടസ്ഥാനത്തേക്കും തെരഞ്ഞെടുത്തു. 10 അംഗ വർക്കിംഗ് കമ്മിറ്റി ഉണ്ടായിരിക്കണമെന്നും നിശ്ചയിച്ചു. *കാതോലിക്കാനിധി* പിരിവിന് രൂപംകൊടുത്തു.

35. കോട്ടയം എം.ഡി. സെമിനാരി – 1951 മെയ് 17 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – ഭരണഘടന ഭേദഗതി ചെയ്തു. രണ്ടുപേരെ മേല്പട്ടസ്ഥാനത്തേക്കും 66 പേരെ മാനേജിംഗ് കമ്മിറ്റിയിലേക്കും തെരഞ്ഞെടുത്തു. 15 പേരെ നോമിനേറ്റ് ചെയ്തു.

36. പുത്തൻകാവ് പള്ളി – 1958 ഡിസംബർ 26 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – നിര്യാതരായ കൂട്ടു ട്രസ്റ്റികൾക്കു പകരം മണലിൽ യാക്കോബ് കത്തനാർ, ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം എന്നിവരെ തെരഞ്ഞെടുത്തു. *ബാവാ കക്ഷിയിലെ* മേല്പട്ടക്കാരെ അംഗീകരിച്ചു.

37. കോട്ടയം എം.ഡി. സെമിനാരി – 1959 സെപ്റ്റംബർ 16 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – മാനേജിംഗ് കമ്മിറ്റിയിലേക്ക് 72 പേരെ തെരഞ്ഞെടുത്തു (പിന്നീട് 18 പേരെ നോമിനേറ്റു ചെയ്തു).

38. നിരണം പള്ളി – 1962 മെയ് 17 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു.

39. കോട്ടയം എം.ഡി. സെമിനാരി – 1965 ഡിസംബർ 28 – പ. ഔഗേൻ കാതോലിക്കാ – മണലിൽ യാക്കോബ് കത്തനാർ രാജി വച്ച ഒഴിവിൽ തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പായെ വൈദികട്രസ്റ്റിയായി തെരഞ്ഞെടുത്തു. മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെയും മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെയും തെരഞ്ഞെടുത്തു (പിന്നീട് മാനേജിംഗ് കമ്മിറ്റിയിലേക്ക് 22 പേരെ നോമിനേറ്റു ചെയ്തു).

40. കോട്ടയം എം.ഡി. സെമിനാരി – 1970 ഡിസംബർ 31 – പ. ഔഗേൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെ തെരഞ്ഞെടുത്തു (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

41. നിരണം പള്ളി – 1974 ഒക്ടോബർ 2 – പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് – മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെയും മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെയും തെരഞ്ഞെടുത്തു (പിന്നീട് 22 പേരെ മാനേജിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റു ചെയ്തു).

42. മാവേലിക്കര എം.എസ്.എസ്. ഹൈസ്കൂൾ – 1977 മെയ് 16 – പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെ തെരഞ്ഞെടുത്തു.

43. കോട്ടയം എം.ഡി. സെമിനാരി – 1980 മെയ് 1 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെയും നിര്യാതനായ ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനു പകരം പടിഞ്ഞാറേക്കര പി. സി. ഏബ്രഹാമിനെ അത്മായ ട്രസ്റ്റിയായും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെ തെരഞ്ഞെടുത്തു. (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

44. തിരുവല്ല എം. ജി. എം. ഹൈസ്കൂൾ – 1982 ഡിസംബർ 28 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – രാജിവച്ച ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പായ്ക്കു പകരം കോനാട്ട് ഏബ്രഹാം മല്പാനെ വൈദിക ട്രസ്റ്റിയായും അഞ്ചു പേരെ മേല്പട്ടസ്ഥാനത്തേക്കും തെരഞ്ഞെടുത്തു.

45. കോട്ടയം എം. ഡി. സെമിനാരി – 1985 ഒക്ടോബർ 23 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – മാനേജിംഗ് കമ്മിറ്റിയിലേക്ക് 90 പേരെ തെരഞ്ഞെടുത്തു (പിന്നീട് 24 പേരെ നോമിനേറ്റു ചെയ്തു).

46. കോട്ടയം എം. ഡി. സെമിനാരി – 1987 ഡിസംബർ 29 – പ. മാത്യൂസ്



പ്രഥമൻ കാതോലിക്കാ – നിര്യാതനായ കോനാട്ട് ഏബ്രഹാം മല്പാന് പകരം നൂറനാൽ മത്തായി കത്തനാരെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തു. മേല്പട്ടസ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കുവാൻ ശ്രമിച്ചെങ്കിലും മതിയായ മിനിമം വോട്ടു ലഭിക്കാതിരുന്നതിനാൽ ആരെയും തെരഞ്ഞെടുക്കാൻ കഴിഞ്ഞില്ല.

47. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് – 1989 ഡിസംബർ 28 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെയും മാനേജിംഗ് കമ്മിറ്റിയിലേക്ക് 108 പേരെയും തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റു ചെയ്തു).

48. പരുമല സെമിനാരി – 1992 സെപ്റ്റംബർ 10 – പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. മേല്പട്ടസ്ഥാനത്തേക്ക് രണ്ടുപേരെ തെരഞ്ഞെടുത്തു (മൂന്നു പേരെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്).

49. പരുമല സെമിനാരി – 1994 മെയ് 26 – പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ – മാനേജിംഗ് കമ്മിറ്റിയിലേക്ക് 108 പേരെ തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു).

50. പരുമല സെമിനാരി – 2002 മാർച്ച് 20 – പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ – സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് ജസ്റ്റീസ് വി. എസ്. മളീമഠിന്റെ നിരീക്ഷണത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്ഥിരീകരിച്ചു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 111 പേരെ തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു).

51. പരുമല സെമിനാരി – 2004 ജൂൺ 10 – പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഡോ. ഒ. തോമസ് കത്തനാരെയും മേല്പട്ടസ്ഥാനത്തേക്ക് നാലു പേരെയും തെരഞ്ഞെടുത്തു. ഏഴു പേരെ തെരഞ്ഞെടുക്കാനാണുദ്ദേശിച്ചിരുന്നതെങ്കിലും മതിയായ വോട്ടു ലഭിച്ചത് നാലു പേർക്കു മാത്രമാണ്.

52. പരുമല സെമിനാരി – 2006 സെപ്റ്റംബർ 21, ഒക്ടോബർ 12 – പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ – 1971 മുതലുള്ള എല്ലാ അസോസിയേഷൻ, മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി, എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനങ്ങളും സ്ഥിരപ്പെടുത്തി. പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ എണ്ണം 159 ആയി വർദ്ധിപ്പിച്ചു. ഇതിൽ 129 പേർ തെരഞ്ഞെടുക്കപ്പെടുന്നവർ ആയിരിക്കും.

53. പരുമല സെമിനാരി – 2007 മാർച്ച് 21 – പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായട്രസ്റ്റിയായി എം.ജി. ജോർജ് മുത്തൂറ്റിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 129 പേരെ തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു).

54. പാമ്പാക്കുട എംടിഎം ഹയർ സെക്കണ്ടറി സ്കൂൾ – 2008 സെപ്റ്റംബർ 11 – പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് ഏഴു പേരെ തെരഞ്ഞെടുത്തു.

55. ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമം – 2010 ഫെബ്രുവരി 17 – പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ – മേല്പട്ടസ്ഥാനത്തേക്ക് ഏഴു പേരെ തെരഞ്ഞെടുത്തു.

56. പത്തനംതിട്ട കാതോലിക്കേററ് കോളജ് – 2012 മാർച്ച് 7 – പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായട്രസ്റ്റിയായി എം.ജി. ജോർജ് മുത്തൂറ്റിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 129 പേരെ തെരഞ്ഞെടുത്തു. (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു). മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ എണ്ണം 174 ആയി വർദ്ധിപ്പിച്ചു. ഇതിൽ 141 പേർ തെരഞ്ഞെടുക്കപ്പെടുന്നവരും 33 പേർ നാമനിർദേശം ചെയ്യപ്പെടുന്നവരും ആയിരിക്കും.

57. കോട്ടയം എം.ഡി. സെമിനാരി – 2017 മാർച്ച് 1 ബുധൻ – പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ – വൈദികട്രസ്റ്റിയായി ഫാ. ഡോ. എം. ഒ. ജോണിനെയും അത്മായട്രസ്റ്റിയായി ജോർജ് പോളിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 141 പേരെ തെരഞ്ഞെടുത്തു (പിന്നീട് 33 പേരെ നോമിനേറ്റ് ചെയ്തു).

58. പരുമല സെമിനാരി – 2021 ഒക്ടോബർ 14 വ്യാഴം – ഡോ. മാത്യൂസ് മാർ സേവേറിയോസിനെ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായി തിരഞ്ഞെടുത്തു. സീനിയർ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലിമ്മീസ് അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ പരുമലയിൽ മെത്രാപ്പോലീത്താമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു. അസോസിയേഷൻ അംഗങ്ങൾ 49 കേന്ദ്രങ്ങളിലായി സമ്മേളിച്ച് സൂം ആപ്ലിക്കേഷനിലൂടെ ഓൺലൈനായി പങ്കെടുത്തു.

മലങ്കരസഭയ്ക്ക് അഭിമാനനിമിഷം

അലക്സാണ്ടർ ജോർജ് മുത്തൂറ്റ്
(ഡപ്യൂട്ടി മാനേജിംഗ് ഡയറക്ടർ, മുത്തൂറ്റ് ഗ്രൂപ്പ്)

മലങ്കരസഭയുടെ 9-ാമത്തെ കാതോലിക്കായും 22-ാമത്തെ മലങ്കര മെത്രാപ്പോലീത്തായുമായി അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അഭിഷിക്തനാകുന്ന ചരിത്ര മുഹൂർത്തം സമാഗതമാകുന്നു. അഭിവന്ദ്യ തിരുമേനിയെ പ. എപ്പിസ്കോപ്പൽ സിനഡും, മാനേജിംഗ് കമ്മിറ്റിയും ഐകകണ്ഠേന നാമനിർദ്ദേശം ചെയ്തത് പ. സഭയെ സംബന്ധിച്ചിടത്തോളം അനുഗ്രഹകരവും ദൈവനിയോഗവുമാകുന്നു.

മേല്പട്ടസ്ഥാനത്തിന്റെ 31-ാം വർഷത്തിൽ ലഭിക്കുന്ന ഈ അസുലഭ നിമിഷം അദ്ദേഹത്തിന്റെ വിശ്വാസജീവിതത്തിന്റെയും പ്രാർത്ഥനാജീവിതത്തിന്റെയും പ്രതിഫലമാണ്.

തിരുമേനിക്ക് എന്റെ പിതാവ് ദിവംഗതനായ എം. ജി. ജോർജ് മുത്തൂറ്റുമായി ദീർഘകാലത്തെ സ്നേഹബന്ധമാണ് ഉണ്ടായിരുന്നത്. 2007 മുതൽ 2017 വരെ ഒരു ദശാബ്ദക്കാലം മലങ്കരസഭയുടെ അത്മായട്രസ്റ്റിയായി പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ, തിരുമേനി പ. എപ്പിസ്ക്കോപ്പൽ സിനഡിന്റെ സെക്രട്ടറിയും, സഭയുടെ ലീഗൽ സെൽ കൺവീനറുമായിരുന്നു. അങ്ങനെ പല രംഗങ്ങളിലും ഒരുമിച്ച് പ്രവർത്തിക്കുവാൻ പിതാവിന് അവസരം ലഭിച്ചത് ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ ഭരണനൈപുണ്യത്തെപ്പറ്റിയും സഭാഭരണഘടനയിലും, ആരാധനാക്രമങ്ങളിലുമുള്ള അവഗാഹമായ പാണ്ഡിത്യത്തെപ്പറ്റിയും ജീവകാരുണ്യപ്രവർത്തങ്ങളേപ്പറ്റിയും പിതാവ് എന്നോട് വ്യക്തമായി പറഞ്ഞിട്ടുണ്ട്. തിരുമേനി ഡൽഹിയിൽ വരുമ്പോഴൊക്കെ പിതാവുമായി നേരിട്ടു കാണുകയും സഭയുടെ പൊതുവായ കാര്യങ്ങളെപ്പറ്റി വിശദമായി സംസാരിക്കുകയും ചെയ്തിരുന്നു. പിതാവിന്റെ ആകസ്മികമായ വേർപാടിൽ ഞങ്ങളുടെ കുടുംബത്തെ ആശ്വസിപ്പിക്കുകയും സംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും, 40-ാം ദിവസം മറ്റു തിരുമേനിമാരോടൊപ്പം വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ച് ഞങ്ങളെ അനുഗ്രഹിച്ചത് അഭിവന്ദ്യ തിരുമേനിയായിരുന്നു എന്നത് പ്രത്യേകം സ്മരിക്കുന്നു.

ദൈവകൃപയിലുള്ള അചഞ്ചലമായ വിശ്വാസവും നിഷ്ഠയോടു കൂടിയ പ്രാർത്ഥനാജീവിതവും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളോടുള്ള തികഞ്ഞ പ്രതിബദ്ധതയും, സാമ്പത്തിക കാര്യങ്ങളിലെ കൃത്യതയും തിരുമേനിയെ വേറിട്ടു നിർത്തുന്നു.

മലങ്കരസഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ തിരുമേനി നൽകിയ ഉജ്വലനേതൃത്വം എക്കാലവും മാതൃകയാണ്. കണ്ടനാട് വെസ്റ്റ് ഭദ്രാസന ഇടയൻ എന്ന നിലയിൽ വടക്കൻ ഭദ്രാസനങ്ങൾക്ക് മാർഗ്ഗദീപമായി പ്രവർത്തിച്ചു.



കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ വൈസ് പ്രസിഡന്റ് എന്ന നിലയിലുള്ള സ്തുത്യർഹമായ പ്രവർത്തനം ഒട്ടേറെ വൈദികർക്ക് ഉന്നത മാർഗ്ഗദർശനമായി.

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിൽ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി നടന്നുവരുന്ന സേവന പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകയാണ്. മികച്ച നിലയിൽ പ്രവർത്തിക്കുന്ന ചാരിറ്റി പ്രസ്ഥാനങ്ങളിലൂടെ ജാതിമതഭേദമെന്യേ ആയിരക്കണക്കിനു നിരാലംബർക്കു തിരുമേനി നൽകിയ കാരുണ്യസ്പർശം ദൈവസ്നേഹത്തിന്റെ നേർക്കാഴ്ചകളായി. ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ പിൻഗാമി എന്ന നിലയിൽ അങ്ങേയറ്റം യോഗ്യനാണ് എന്നതിൽ സംശയമില്ല.

ഓർത്തഡോക്സി ഒരു ജീവിതശൈലിയാണെന്നും അതിൽ ആത്മീയതയും ഭൗതികതയും ഭിന്നമല്ലെന്നും അദ്ദേഹം പറയുന്നു. വ്യവഹാരരഹിത മലങ്കര സഭ എന്ന മുൻഗാമിയുടെ സ്വപ്നം സാക്ഷാത്കരിക്കുവാൻ അഭിവന്ദ്യ തിരുമേനിക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പരിശുദ്ധ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭ ദേശീയതലത്തിലും, അന്തർദേശീയതലങ്ങളിലും കൂടുതൽ പ്രശോഭിക്കുവാൻ തിരുമേനിയുടെ ഭരണകാലഘട്ടത്തിൽ ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും കാതോലിക്കാ-മലങ്കര മെത്രാപ്പോലീത്താ തിരഞ്ഞെടുപ്പുകളും

ഡെറിൻ രാജു

മലങ്കര നസ്രാണികളുടെ ആധുനിക പള്ളിയോഗങ്ങളായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗങ്ങൾ നസ്രാണി മാർഗത്തിന്റെ സൂക്ഷിപ്പുകാരാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനപ്രതിനിധി സഭകളിൽ ഒന്നാണ്. മലങ്കര നസ്രാണികളുടെ തലവനെയും ഇടയൻമാരെയും കൂട്ടുട്രസ്റ്റിമാരെയും തിരഞ്ഞെടുക്കുന്നത് ആ യോഗമാണ്.

1873 സെപ്തംബർ 8-നു പരുമലയിൽ കൂടിയ പള്ളിയോഗമാണ് ഒരു അസോസിയേഷൻ രൂപീകരിക്കുവാൻ ആദ്യമായി ആലോചിക്കുന്നത്. അതിന്റെ പ്രധാന കാരണങ്ങളിലൊന്ന് മലങ്കര മെത്രാപ്പോലീത്തായായിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസിന്റെ ഏകാധിപത്യശൈലി തന്നെയായിരുന്നു. നസ്രാണി പള്ളിയോഗങ്ങളുടെ പരമ്പരാഗതമായ അവകാശങ്ങൾക്ക് വലിയ ഒരളവിൽ കുറവ് സംഭവിച്ചിരുന്നു അക്കാലത്ത്. തന്റെ ദീർഘമായ ഭരണകാലയളവിൽ പള്ളിയോഗങ്ങൾ കൂടി നിശ്ചയങ്ങൾ കൈക്കൊള്ളുവാൻ മാർ അത്താനാസിയോസ് കൂടുതൽ ശ്രമിച്ചില്ല. വട്ടിപ്പണത്തിന്റെ പലിശയ്ക്കായി കൂട്ടുട്രസ്റ്റിമാർ ആവശ്യമെന്ന് കണ്ടപ്പോൾ സർക്കാർ നിർദേശപ്രകാരം ഒരു തവണ കൂടി. പിന്നീട് ഒരു തവണ കൂടിയിട്ട് കൈകൊണ്ട നിശ്ചയങ്ങൾ പാലിക്കുവാൻ മെത്രാപ്പോലീത്താ തന്നെ തയ്യാറാകാതിരുന്നപ്പോൾ യോഗം തന്നെ പ്രഹസനമായി. ഇങ്ങനെ മെത്രാന്റെ ഏകനായകത്വം സഭയ്ക്ക് ദോഷമായതിനാൽ സഭാ ഭരണത്തിന് ഒരു അസോസിയേഷൻ രൂപീകരിക്കുവാൻ പരുമലയോഗം തീരുമാനിച്ചു. മറ്റൊരു രീതിയിൽ, പള്ളിയോഗം ഇടക്കാലത്ത് നഷ്ടമായ തങ്ങളുടെ അധികാരം അസോസിയേഷൻ രൂപീകരണത്തോടെ ഉറപ്പിക്കുകയായിരുന്നു. എന്നാൽ പരുമലയിലെ യോഗനിശ്ചങ്ങൾ പൂർണ്ണമായും നിയമാനുസൃതമെന്ന് പറയാൻ സാധിക്കുന്ന ഒന്നായിരുന്നില്ല. കാരണം രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ നിയമാനുസൃത മെത്രാപ്പോലീത്തായായി മാർ അത്താനാസിയോസ് മലങ്കര മെത്രാനായി തുടരുമ്പോൾ അദ്ദേഹത്തിന്റെ നിർദേശമോ സാന്നിദ്ധ്യമോ ഇല്ലാതെ കൂടുന്ന യോഗത്തിനു, അതിൽ ഭൂരിഭാഗം പള്ളികൾ സംബന്ധിച്ചാൽ പോലും നിയമസാധുത ലഭിക്കുമായിരുന്നില്ല. ഈ പരിതസ്ഥിതിയെ എങ്ങനെ തരണം ചെയ്യണമെന്ന ചിന്തയാണ് പത്രോസ് തൃതിയൻ പാത്രിയർക്കീസിന്റെ മലങ്കര സന്ദർശനത്തിൽ കാലാശിച്ചത്.മലങ്കരയിലെ സവീകരണവിരുദ്ധ വിഭാഗത്തിന്റെ രേഖമൂലമുള്ള അഭ്യർത്ഥനയെ തുടർന്ന് പാത്രിയർക്കിസ് 1875-ൽ മലങ്കരയിലെത്തി. തുടർന്ന് അദ്ദേഹം തന്നെ കരിങ്ങാച്ചിറ പള്ളിയിൽ നിന്ന് കൽപ്പനയയച്ച് ഒരു പള്ളിയോഗം മുളന്തുരുത്തിയിൽ കൂടി. മുളന്തുരുത്തി പള്ളിയുടെ വടക്കേമുറ്റത്ത് കെട്ടിയുണ്ടാക്കിയ പന്തലിൽ 1876 ജൂൺ 27 മുതൽ 30 വരെ കൂടിയ പള്ളിയോഗമാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഔദ്യോഗികമായി രൂപീകരിച്ചത്. യോഗനടപടികൾ രേഖപ്പെടുത്തിയ മിനുട്സ് ബുക്കിൽ കാണുന്നതിപ്രകാരമാണ്, മേൽപറഞ്ഞ പൊതുമുതൽ ഉണ്ടാകുന്നതിനും വിദ്യാഭ്യാസവും അതിൽനിന്നുള്ള വിശേഷഫലങ്ങളും നമ്മുടെ ജാതിക്കു പൊതുവേ ഉണ്ടാക്കുന്നതിനും എന്തു മാർഗമെന്നു ചിന്തിക്കുന്നത് എത്രയും ആവശ്യമാകുന്നു. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തി നിമിത്തം പള്ളിവക മുതൽ ദുർലഭമായി തീർന്നിരിക്കയാൽ ജനങ്ങളിൽ നിന്ന് തന്നെ പ്രയാസവും ഞെരുക്കവും കൂടാത്തവിധം ഒരു മുതൽശേഖരണം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിലേക്ക് ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹവും അതിന് സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന പേരും...എന്നിങ്ങെനെയാണ്. ഇപ്രകാരം മലങ്കര സുറിയാനി ക്രിസ്ത്യാനി



അസോസിയേഷൻ രൂപീകരിക്കപ്പെട്ടശേഷമുള്ള കാതോലിക്കാ-മലങ്കര മെത്രാപ്പോലീത്താ തിരഞ്ഞെടുപ്പ് യോഗങ്ങളുടെ ചരിത്രമാണ് ഈ ലേഖനം

മലങ്കരമെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തിരുമേനി തന്റെ അനാരോഗ്യം മാനേജിംഗ് കമ്മറ്റിയെ അറിയിച്ചതിനെത്തുടർന്ന് വൈസ് പ്രസിഡണ്ട് പരുമല മാർ ഗ്രീഗോറിയോസിനെ 1895-ൽ മലങ്കരമെത്രാപ്പോലീത്തായെ സഹായിക്കാനായി മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുത്തു. സ്വാഭാവികമായി മാർ ദീവന്നാസിയോസിനു ശേഷം മലങ്കരമെത്രാപ്പോലീത്താ സ്ഥാനം അദ്ദേഹത്തിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നെങ്കിലും അദ്ദേഹം അവിചാരിതമായി 1902 നവംബറിൽ കാലം ചെയ്തു. അദ്ദേഹത്തിന്റെ മുപ്പതാം അടിയന്തിരദിവസം ഒരു യോഗം കൂടാൻ മലങ്കര മെത്രാപ്പോലീത്താ നിർദ്ദേശിച്ചു. ഡിസംബർ 3-ാം തീയതി ഉച്ചകഴിഞ്ഞുള്ള പ്രദക്ഷിണത്തിനു ശേഷം നാല് മണിയോടെ യോഗം ആരംഭിച്ചു. പഴയസെമിനാരി മാനേജരായിരുന്ന പൗലോസ് റമ്പാനെയും വട്ടശേരിൽ ഗീവറുഗീസ് മൽപ്പാനെയും തിരഞ്ഞെടുക്കണമെന്ന് അഭിപ്രായം ഉണ്ടായി. എന്നാൽ ഈ രണ്ട് സ്ഥാനാർഥികൾ പോരെന്നും വടക്ക് നിന്നും ആളുകൾ വേണമെന്നും ചിലർ അഭിപ്രായപ്പെട്ടു. എങ്കിലും വടക്ക് നിന്ന് ആരാണ് യോഗ്യരെന്ന് പ്രതിനിധികൾക്ക് കൃത്യമായ ബോധ്യമില്ലാത്തതിനാൽ അത് ആരൊക്കെയാണെന്ന് വലിയ തിരുമേനിയും മറ്റ് തിരുമേനിമാരും നിശ്ചയിച്ചാൽ മതിയെന്നും ആരെ നിശ്ചയിച്ചാലും തങ്ങൾക്ക് സമ്മതമാണെന്നും യോഗം അഭിപ്രായപ്പെട്ടു. കൈയടിച്ച് അത് പാസാക്കി.

ഇങ്ങനെ നിശ്ചയിച്ച് പിരിഞ്ഞതിനുശേഷം വട്ടശേരിൽ ഗീവറുഗീസ് മൽപ്പാനു റമ്പാൻ സ്ഥാനം നൽകിയതൊഴിച്ചാൽ നടപടികൾ കാര്യമായി മുന്നോട്ട് പോയില്ല. പുലിക്കോട്ടിൽ മാർ ദീവന്നാസിയോസിന്റെ ആരോഗ്യം അത്ര നല്ല സ്ഥിതിയിലുമായിരുന്നില്ല. കടവിൽ മാർ അത്താനാസിയോസ് 1907 നവംബറിൽ കാലം ചെയ്തതിനെത്തുടർന്ന് മെത്രാപ്പോലീത്താമാരുടെ സംഖ്യ വീണ്ടും കുറഞ്ഞു. അതിനാൽ ഒരിക്കൽകൂടി പള്ളിയോഗം കൂടാൻ മാർ ദീവന്നാസിയോസ് നോട്ടീസ് അയച്ചു. വലിയ തിരുമേനിക്ക് ഇഷ്ടമുള്ളവരെ തിരഞ്ഞെടുക്കാൻ യോഗം അനുമതി കൊടുത്തെങ്കിലും ആ അവകാശം പള്ളിയോഗത്തിനു തന്നെ പുലിക്കോട്ടിൽ തിരുമേനി വിട്ടുകൊടുത്തു. 1908 ഫെബ്രുവരി 27-നു പഴയസെമിനാരിയിൽ യോഗം കൂടി. മുമ്പുതന്നെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വട്ടശേരിൽ ഗീവറുഗീസ് റമ്പാന്റെയും കൊച്ചുപറമ്പിൽ പൗലോസ് റമ്പാന്റെയും തിരഞ്ഞെടുപ്പ് യോഗം ഒന്നുകൂടി സ്ഥിരപ്പെടുത്തി. ഇതിൽ ഗീവറുഗീസ് റമ്പാനെ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസിന്റെ അസിസ്റ്റന്റും പിന്തുടർച്ചാവകാശിയുമായും നിശ്ചയിച്ചു. (ഇടവക പത്രിക 1908 കുംഭം). യോഗത്തിലെ തീരുമാനപ്രകാരം രണ്ട് റമ്പാൻമാരും ജറുശലേമിലേക്ക് പോവുകയും അവിടെ വച്ച് ഇഗ്നാത്തിയോസ് അബ്ദുള്ള പാത്രിയർക്കീസ് അവരെ ഗീവറുഗീസ് മാർ ദീവന്നാസിയോസ്, പൗലോസ് മാർ കൂറീലോസ് എന്നീ പേരുകളിൽ മെത്രാപ്പോലീത്താമാരായി വാഴിക്കുകയും ചെയ്തു. പുലിക്കോട്ടിൽ മാർ ദീവന്നാസിയോസിന്റെ മരണത്തെതുടർന്ന് വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഔദ്യോഗികമായി പ്രവേശിച്ചു. എന്നാൽ അതിന് മുമ്പ് തന്നെ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തന്റെ ചുമതലകൾ മിക്കവയും വട്ടശേരിൽ മാർ ദീവന്നാസിയോസിനെ ഏൽപ്പിച്ചിരുന്നു. അത് സൂചിപ്പിച്ച് റസിഡണ്ടിനുൾപ്പെടെ കത്തും നൽകിയിരുന്നു.

1909-ൽ അബ്ദുള്ള പാത്രിയർക്കീസ് മലങ്കരയിൽ എത്തിചേർന്നു. അദ്ദേഹവും സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും പലപ്പോഴും തർക്കത്തിലായിരുന്നു. അദ്ദേഹം 1911 ഇടവമാസത്തിൽ മലങ്കരമെത്രാപ്പോലീത്താ വട്ടശേരിൽ മാർ ദീവന്നാസിയോസിനെ മുടക്കിയതായി ഒരു കല്പന പുറപ്പെടുവിച്ചു. തുടർന്ന് 1911 ആഗസ്റ്റ് 31, സെപ്തംബർ 1 തീയതികളിലായി ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ബാവാകക്ഷിയുടെ ഒരു യോഗം പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും കൊച്ചുപറമ്പിൽ മാർ കൂറീലോസിനെ ബദൽ മലങ്കരമെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കുകയും ചെയ്തു. ബാവാകക്ഷിയിലായ കൂട്ടുട്രസ്റ്റിമാരെ നീക്കുവാൻ മറുവിഭാഗവും യോഗം ചേർന്നു. വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം കോനാട്ട് കോര മാത്തൻ മൽപ്പാനെയും സി.ജെ.കുര്യനെയും തൽസ്ഥാനങ്ങളിൽ നിന്ന് നീക്കി പകരം പാലപ്പള്ളിൽ മാണി പൗലോസ് കത്തനാർ, ചിറക്കടവിൽ കോര കൊച്ചുകോരുള എന്നിവരെ കൂട്ടുട്രസ്റ്റിമാരായി തിരഞ്ഞെടുത്തു. തുർക്കി സുൽത്താൻ ഫർമാൻ (അധികാരപത്രം) പിൻവലിച്ചതിനാൽ സ്ഥാനത്തിനടുത്ത പ്രവർത്തികൾ തുർക്കിയിൽ ചെയ്യാൻ സാധിക്കാതിരുന്ന ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായെ മലങ്കരയിലേക്ക് ക്ഷണിക്കുവാൻ സഭ തീരുമാനിച്ചു. അദ്ദേഹം ക്ഷണം സ്വീകരിച്ച് മലങ്കരയിൽ എത്തിചേർന്നു. മലങ്കരയുടെ ചിരകാല അഭിലാഷമായിരുന്ന കാതോലിക്കേറ്റ് ഇവിടെ സ്ഥാപിക്കണമെന്ന് സഭ ഔപചാരികമായി പാത്രിയർക്കീസിനോട് അഭ്യർത്ഥിച്ചു. ആയതിൻപ്രകാരം കണ്ടനാട് ഇടവകയുടെ മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിനെ പാത്രിയർക്കീസിന്റെ പ്രധാന കാർമികത്വത്തിൽ 1912 സെപ്തംബർ 15-നു നിരണം പള്ളിയിൽ വച്ച് ബസേലിയോസ് പൗലോസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി. എന്നാൽ അദ്ദേഹം 1913 മെയ് മാസത്തിൽ കാലം ചെയ്തു. പാമ്പാക്കുട ചെറിയ പള്ളിയിൽ കബറടക്കി.

ഒന്നാം കാതോലിക്കായുടെ മരണത്തെത്തുടർന്ന് ഉടനെ ഒരു കാതോലിക്കാ സ്ഥാനാരോഹണം സഭ നടത്തിയില്ല. ഭിന്നത മൂർച്ഛിക്കാൻ ഇടയാക്കേണ്ട എന്ന ചിന്തയും അതിനു പിന്നിൽ ഉണ്ടായിരുന്നിരിക്കാം. മലങ്കരമെത്രാപ്പോലീത്താ ഉണ്ടായിരുന്നതും അദ്ദേഹത്തിനു പുറമേ കല്ലാശേരിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, യുയാക്കീം മാർ ഈവാനിയോസ്, ഗീവറുഗീസ് മാർ പീലക്സീനാസ് (വാകത്താനം) എന്നിവർ മെത്രാപ്പോലീത്താമാരായി ഉണ്ടായിരുന്നതും വാഴ്ച നീണ്ടാലും പ്രശ്നമില്ല എന്ന സ്ഥിതിയിൽ എത്തി. എന്നാൽ മാർ ഈവാനിയോസ് അസുഖബാധിതനായത് സാഹചര്യങ്ങളിൽ മാറ്റം കൊണ്ടുവന്നു. ഹൂദായ കാനോൻ പ്രകാരം ഒരു മേൽപ്പട്ടക്കാരനെ വാഴിക്കേണ്ടത് മൂന്ന് മേൽപ്പട്ടക്കാർ ചേർന്നാകണമെന്നതിനാൽ ഇനിയും താമസിക്കുന്നത് ചിലപ്പോൾ പ്രതിസന്ധി സൃഷ്ടിച്ചേക്കാം എന്ന ചിന്തയിൽ രണ്ടാം കാതോലിക്കായുടെ സ്ഥാനാരോഹണത്തിലേക്ക് സഭ കടന്നു. വട്ടശേരിൽ മാർ ദീവന്നാസിയോസ് സഭയിൽ സമാധാനം ഉണ്ടാക്കുവാനായി മർദ്ദീൻ വരെ യാത്രചെയ്തെങ്കിലും അത് ഫലം കണ്ടില്ല. ഇതും കാതോലിക്കാസ്ഥാനാരോഹണം ത്വരിതപ്പെടുത്താൻ ഇടയാക്കി. വട്ടിപ്പണക്കേസിന്റെ വിചാരണ നടന്ന കാലഘട്ടമായിരുന്നതിനാൽ ഔദ്യോഗികമായ നോട്ടീസ് കൽപ്പന മലങ്കരമെത്രാപ്പോലീത്താ അയച്ചില്ല. ഗീവറുഗീസ് മാർ പീലക്സീനോസ് 1925 മീനം 19-നു ഒരു കൽപ്പന അയച്ചു. തിരുമൂലപുരത്ത് മേടം 7-നു യോഗം കൂടാൻ ആദ്യം ആലോചിച്ചെങ്കിലും നിരണം പള്ളിയിൽ 1925 ഏപ്രിൽ 29,30 തീയതികളിലായി യോഗം ചേർന്നു. ഏപ്രിൽ 29-നു ഉച്ചയ്ക്ക് ശേഷം കൂടിയ യോഗം ഗീവറുഗീസ് മാർ പീലക്സീനോസിനെ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. പിറ്റേന്ന് അദ്ദേഹം അവിടെവച്ച് തന്നെ സ്ഥാനം പ്രാപിക്കുകയും ചെയ്തു. മലങ്കര മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും ശുശ്രൂഷയിൽ സംബന്ധിച്ചു.

രണ്ടാം കാതോലിക്കാ 1928 ഡിസംബർ 17-നു കാലം ചെയ്തു. 1928 ഡിസംബർ 24-നു വള്ളിക്കാട്ട് ദയറായിൽ നിന്ന് ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് നോട്ടീസ് കൽപ്പന അയച്ചു. രണ്ടാം കാതോലിക്കായുടെ മുപ്പതാം അടിയന്തിരദിവസമായ ജനുവരി 15-നു വള്ളിക്കാട്ട് ദയറായിൽ യോഗം കൂടാനായിരുന്നു നിശ്ചയിച്ചത്. യോഗം കൂടുകയും യോഗത്തിൽ വച്ച് ഗീവറുഗീസ് മാർ ഗ്രീഗോറിയോസിനെ കാതോലിക്കാസ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. 1925, 1929 എന്നീ യോഗങ്ങളിൽ പൂർണ്ണമായും മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗങ്ങൾ ആയിരുന്നു എന്നു പറയാനാകില്ല. കാരണം മലങ്കരമെത്രാപ്പോലീത്തായുടെ നോട്ടീസ് കൽപ്പനയുണ്ടായില്ല എന്നത് തന്നെ. എന്നാൽ അദ്ദേഹത്തിന്റെ അനുമതിയും സാന്നിദ്ധ്യവും യോഗത്തിന് ഉണ്ടായിരുന്നു. 1929-ലെ യോഗത്തിന്റെ അദ്ധ്യക്ഷനും മലങ്കരമെത്രാപ്പോലീത്ത വട്ടശേരിൽ മാർ ദീവന്നാസിയോസ് ആയിരുന്നു. ഭരണഘടന നിലവിൽ വരുന്നതിനു മുമ്പ് പൗരസ്ത്യകാരോലിക്കായുടെ തിരഞ്ഞെടുപ്പ് അസോസിയേഷൻ പരിഗണിക്കണമെന്ന് നിർബന്ധമില്ലായിരുന്നുവെങ്കിലും പ്രധാന തീരുമാനങ്ങൾ പള്ളിയോഗം തന്നെ കൈക്കൊള്ളട്ടെയെന്ന താൽപര്യമാകാം ഈ രണ്ട് യോഗങ്ങളിലും നിഴലിച്ചത്.

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് 1929 ഫെബ്രുവരി 15-നു ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ എന്ന പേരിൽ കാതോലിക്കാ സ്ഥാനം പ്രാപിച്ചു. മലങ്കര മെത്രാപ്പോലീത്താ വട്ടശേരിൽ മാർ ദീവന്നാസിയോസ് 1934 ഫെബ്രുവരി 23-നു കാലം ചെയ്തു. തുടർന്ന് 1934 മാർച്ചിൽ ഒരു അസോസിയേഷൻ കൂടാൻ ആലോചിച്ചുവെങ്കിലും അത് കൂടിയില്ല. പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ ബാവാ ഹോംസിൽ പോയി അപ്രേം പ്രഥമൻ പാത്രിയർക്കീസിനെ സന്ദർശിച്ച് സമാധാനാലോചനകൾ നടത്തിയെങ്കിലും ഫലം കണ്ടില്ല. മടങ്ങിയെത്തിയ അദ്ദേഹം പൊതുയോഗങ്ങൾ വിളിച്ചുകൂട്ടുകയും അസോസിയേഷൻ കൂടുവാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ 1934 ഡിസംബർ 26-നു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചർച്ചകൾക്കു ശേഷം മലങ്കര സഭാഭരണഘടന പാസ്സാക്കി. അന്നു തന്നെ വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ പിൻഗാമിയായി മലങ്കരമെത്രാപ്പോലീത്താസ്ഥാനത്തേക്ക് ബസേലിയോസ് ഗീവറുഗീസ് ദ്വിതിയനെ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് ആരംഭിച്ച വ്യവഹാര പരമ്പര 1958-ലെ സുപ്രീം കോടതി വിധിയിൽ അവസാനിച്ചു. 1958 ഡിസംബർ 16-നു മലങ്കരയിലെ ഇരു വിഭാഗങ്ങളും പരസ്പരം യോജിച്ചു. സഭയിൽ സമാധാനം കൈവന്നു.

സഭാ ഭരണഘടന നിലവിൽ വന്നതോടുകൂടി കാതോലിക്ക-മലങ്കര മെത്രാപ്പോലീത്താ തിരഞ്ഞെടുപ്പുകൾക്ക് വ്യക്തമായ രീതികൾ നിലവിൽ വന്നു. ഭരണഘടനയുടെ 97, 114 വകുപ്പുകളാണ് കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീത്തായുടെയും തിരഞ്ഞെടുപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നത്. അതിൻപ്രകാരം ആ തിരഞ്ഞെടുപ്പിന്റെ ചുമതല മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ നിക്ഷിപ്തമാണ്. സമാധാനത്തിനു ശേഷം

സഭയിൽ പൗലോസ് മാർ പീലക്സീനോസ് ചില്ലറ അസ്വാരസ്യങ്ങൾ സൃഷ്ടിച്ചിരുന്നു. ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ എൺപത്തിയഞ്ചു വയസ്സും പിന്നിട്ടിരുന്നു. തുടർന്ന് ഒരു പിൻഗാമിയുടെ തിരഞ്ഞെടുപ്പിലേക്ക് സഭ കടന്നു. ആദ്യഘട്ടത്തിൽ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിനോട് അത്ര താൽപര്യം ഗീവറുഗീസ് ദ്വിതിയൻ ബാവായ്ക്ക് ഇല്ലായിരുന്നു. എന്നാൽ അദ്ദേഹം പിന്നീട് സഭയുടെ പൊതു താൽപര്യത്തോട് ചേർന്നു. 1961 ഏപ്രിൽ 27-നു എം.ഡി. സെമിനാരിയിൽ ഒരു യോഗം കൂടി പിൻഗാമിയെ തിരഞ്ഞെടുക്കുവാൻ നിശ്ചയിച്ചു. എന്നാൽ ചിലർ കോടതിയിൽ അസോസിയേഷൻ സ്റ്റേ ചെയ്യണമെന്ന ആവശ്യവുമായി എത്തി. കോടതി സ്റ്റേ അനുവദിച്ചു. എല്ലാ ഒരുക്കങ്ങളും പൂർത്തിയായശേഷം ഏപ്രിൽ 26-നായിരുന്നു കോടതി ഉത്തരവ്. അസോസിയേഷൻ മാറ്റിവച്ചു. സ്റ്റേ മാറിക്കിട്ടിയതിനെത്തുടർന്ന് വീണ്ടും പിൻഗാമിയുടെ തിരഞ്ഞെടുപ്പ് ആലോചിച്ചു. 1962 മെയ് 17-നു നിരണം പള്ളിയിൽ യോഗം കൂടുവാൻ മലങ്കര മെത്രാപ്പോലീത്താ ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ നോട്ടീസ് പുറപ്പെടുവിച്ചു. നിശ്ചയിക്കപ്പെട്ടപ്രകാരം യോഗം കൂടുകയും കണ്ടനാട് ഇടവകയുടെ ഔഗേൻ മാർ തീമോത്തിയോസിനെ കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുക്കുകയും ചെയ്തു. എപ്പിസ്കോപ്പൽ സിനഡ് ഏകകണ്ഠമായി ഔഗേൻ മാർ തീമോത്തിയോസിന്റെ പേരാണ് മുന്നോട്ട് വച്ചത്.

ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ ബാവാ 1964 ജനുവരി മൂന്നാം തീയതി കാലം ചെയ്തു. തുടർന്ന് പിൻഗാമിയായി തിരഞ്ഞെടുത്തിരുന്ന ഔഗേൻ മാർ തീമോത്തിയോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് പ്രവേശിച്ചു. സഭാ സമാധാനത്തിന്റെയും പരസ്പരസ്വീകരണത്തിന്റെയും പശ്ചാത്തലത്തിൽ അന്ത്യോഖ്യൻ സുറിയാനി സഭയുടെ പ്രധാനമേലദ്ധ്യനായിരുന്ന ഇഗ്നാത്തിയോസ് യാക്കോബ് തൃതിയനെ കാതോലിക്കാവാഴ്ചയ്ക്കായി സഭ ക്ഷണിച്ചു. അദ്ദേഹം മലങ്കരയിൽ എത്തി. 1964 മെയ് 22-നു അദ്ദേഹത്തിന്റെ പ്രധാന കാർമികത്വത്തിൽ മലങ്കര സഭയുടെ സുന്നഹദോസ് ഔഗേൻ മാർ തീമോത്തിയോസ് മലങ്കര മെത്രാപ്പോലീത്തായെ ബസേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്കുകൂടി ഉയർത്തി. ബസേലിയോസ് ഔഗേൻ പ്രഥമന്റെ ആരോഗ്യസ്ഥിതി പല സമയങ്ങളിലും മോശമാവുകയും പിന്നീട് ആരോഗ്യം പ്രാപിക്കുകയും ചെയ്തു. സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു അദ്ദേഹത്തിന്റേത്. സഭയിൽ വീണ്ടും ഭിന്നതകൾ രൂപപ്പെട്ടു തുടങ്ങിയിരുന്നു. 1970-ലെ കുപ്രസിദ്ധമായ 203-ാം നമ്പർ കൽപ്പന കലഹം ത്വരിതപ്പെടുത്തുന്നതിൽ ഒരു പ്രധാന കാരണമായിത്തീർന്നു. സാഹചര്യങ്ങൾ വീണ്ടും ഒരു പിൻഗാമിയുടെ തിരഞ്ഞെടുപ്പിലേക്ക് കടക്കുവാൻ നിർബന്ധിച്ചു. സിനഡ് ഏകകണ്ഠമായി ബാഹ്യകേരള മെത്രാസനത്തിന്റെ മാത്യൂസ് മാർ അത്താനാസിയോസിന്റെ പേര് പിൻഗാമിയായി മുന്നോട്ടു വച്ചു. 1970 ഡിസംബർ 31-നു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അദ്ദേഹത്തെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു.

ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഒഴിഞ്ഞതിനെത്തുടർന്ന് 1975 സെപ്തംബർ 24-നു മാത്യൂസ് മാർ അത്താനാസിയോസ് മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തേക്കു പ്രവേശിച്ചു. തുടർന്ന് 1975 ഒക്ടോബർ 22-ന് ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാസ്ഥാനവും പ്രാപിച്ചു. സീനിയർ മെത്രാപ്പോലീത്താ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മുഖ്യകാർമ്മികനായി. 1975 -ൽ തന്നെ സഭയിൽ പിളർപ്പ് പൂർത്തിയാക്കുകയും പൗലോസ് മാർ പീലക്സീനോസ് ബസേലിയോസ് പൗലോസ് ദ്വിതിയൻ എന്ന പേരിൽ ബദൽ കാതോലിക്കായായി ഇഗ്നാത്തിയോസ് യാക്കോബ് തൃതിയനാൽ വാഴിക്കപ്പെടുകയും ചെയ്തു. തനിക്ക് ഒരു പിൻഗാമിയെ തിരഞ്ഞെടുക്കുവാൻ മലങ്കര അസോസിയേഷൻ കൂടുവാൻ 1980 ജനുവരി 12-നു ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ നോട്ടീസ് കൽപ്പന പുറപ്പെടുവിച്ചു. കോട്ടയം എം.ഡി. സെമിനാരിയിൽ യോഗം കൂടി. യോഗം കൊല്ലം മെത്രാസന ഇടവകയുടെ മാത്യൂസ് മാർ കൂറീലോസിനെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. പതിവുപോലെ ഒരു നാമനിർദ്ദേശം മാത്രമായിരുന്നു അസോസിയേഷന്റെ പരിഗണനയ്ക്ക് വന്നത്.

ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ 1991 ഏപ്രിൽ 27-നു സ്ഥാനത്യാഗം ചെയ്തു. തുടർന്ന് മാത്യൂസ് മാർ കൂറീലോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് പ്രവേശിച്ചു. ഏപ്രിൽ 29-നു മലങ്കര സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് പരുമല പള്ളിയിൽ വച്ച് അദ്ദേഹത്തെ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി. ഡോ.ഫീലിപ്പോസ് മാർ തെയോഫിലോസായിരുന്നു മുഖ്യകാർമികൻ. ഇതിനിടയിൽ, 1990 ജൂൺ 6-നു ഹൈക്കോടതി ഡിവിഷൻ ബഞ്ച് രണ്ടാം സമുദായക്കേസിൽ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധി പ്രഖ്യാപിച്ചു. ഇതിനെത്തുടർന്ന് പാത്രിയർക്കീസ് വിഭാഗം സുപ്രീം കോടതിയിൽ അപ്പീലും സമർപ്പിച്ചു. സാഹചര്യങ്ങൾ അധികം വൈകാതെ ഒരു പിൻഗാമിയെ തിരഞ്ഞെടുക്കുവാൻ പ്രേരിപ്പിച്ചു. 1992 മെയ് 5-ാം തീയതി മലങ്കരമെത്രാപ്പോലീത്ത നോട്ടീസ് കൽപ്പന അയച്ചു. പരുമല സെമിനാരിയിൽ 1992 സെപ്തംബർ 10-ാം തീയതി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി. പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി മലബാർ മെത്രാസനത്തിന്റെ തോമസ് മാർ തീമോത്തിയോസിനെ തിരഞ്ഞെടുത്തു. സമുദായക്കേസിൽ 1995 ജൂൺ 20-നു സുപ്രീം കോടതി വിധി പുറപ്പെടുവിച്ചു. 1934-ലെ സഭാഭരണഘടന സാധുവാണെന്ന് കോടതി കണ്ടെത്തി. വിധിയുടെയും പിന്നീടുണ്ടായ ഡിക്രിയുടെയും അടിസ്ഥാനത്തിൽ ഭരണഘടനയുടെ 46,71 വകുപ്പുകൾ ഭേദഗതി ചെയ്തു. അതിനെത്തുടർന്ന് അസോസിയേഷനിലെ പങ്കാളിത്തം ഒരു പള്ളി ഇടവകയിലെ അംഗങ്ങളുടെ എണ്ണത്തിനനുസൃതമായി. നേരത്തെ ഒരു പള്ളിയെ പ്രതിനിധീകരിച്ച് ഒരു വൈദികനും രണ്ട് അയ്മേനികളും പങ്കെടുക്കുകയായിരുന്നു പതിവ്. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയന്റെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഒരു തർക്കവിഷയമായി പാത്രിയർക്കീസ് വിഭാഗം മുന്നോട്ട് വച്ചു. തുടർന്ന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടി ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ മലങ്കര മെത്രാപ്പോലീത്തായാണോ എന്ന് പരിശോധിക്കുവാൻ 2001 നവംബർ 28-നു സുപ്രീം കോടതി ഉത്തരവിട്ടു. ആയതിന്റെ നിരീക്ഷകനായി കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് വി.എസ് മളീമഠിനെ നിരീക്ഷകനായും നിയമിച്ചു. അസോസിയേഷൻ കൂടുവാൻ 2001 ഡിസംബർ 24-നു ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ ബാവാ നോട്ടീസ് പുറപ്പെടുവിച്ചു. 2002 മാർച്ച് 20-നു പരുമലയിൽ യോഗം ചേർന്നു. പത്തിനെതിരെ 3464 വോട്ടുകൾക്ക് ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ ബാവാ മലങ്കര മെത്രാപ്പോലീത്തായെന്ന് അസോസിയേഷൻ ഉറപ്പിച്ചു.

ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ 2005 ഒക്ടോബർ 29-നു സ്ഥാനത്യാഗം ചെയ്തു. അതിനെത്തുടർന്ന് തോമസ് മാർ തീമോത്തിയോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കു പ്രവേശിച്ചു. 2005 ഒക്ടോബർ 31-നു അദ്ദേഹം ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാസ്ഥാനവും പ്രാപിച്ചു. പരുമല പള്ളിയിൽ വച്ച് നടത്തപ്പെട്ട സ്ഥാനാരോഹണത്തിൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസും തോമസ് മാർ മക്കാറിയോസും പ്രധാന കാർമികത്വം വഹിച്ചു. സ്ഥാനാരോഹണശുശ്രൂഷയുടെ അവസാനഭാഗത്ത് ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ ബാവാ മദ്ബഹായിൽ പ്രവേശിക്കുകയും മുദ്രമാലകൾ പിൻഗാമിയെ അണിയിക്കുകയും ചെയ്തു. തന്റെ അതിവൃദ്ധതയിൽ കാതോലിക്കാ-മലങ്കര മെത്രാപ്പോലീത്താ സ്ഥാനങ്ങൾ സ്വീകരിച്ച അദ്ദേഹം ഉടനെതന്നെ പിൻഗാമിയുടെ തിരഞ്ഞെടുപ്പിലേക്ക് പ്രവേശിച്ചു. 2006 സെപ്തംബർ 21-നു പരുമല സെമിനാരിയിൽ യോഗം ചേരാനായിരുന്നു നിശ്ചയിച്ചത്. അതേ സമയം ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവായുടെ സ്ഥാനസാധുതയെ ചോദ്യം ചെയ്തുകൊണ്ട് മുൻസിഫ് കോടതിയെ സമീപിച്ചു. വാദം കേട്ട കോടതി അസോസിയേഷൻ കൂടുന്നതിനെ നിരോധിച്ചു. അതിനെതിരെ സഭ ജില്ലാക്കോടതിയെ സമീപിച്ചു. വാദം കേട്ട കോടതി വിധി പറയുന്നത് സെപ്തംബർ 22-ലേക്ക് മാറ്റി. ഇത് അസോസിയേഷൻ കൂടുന്നത് അസാധ്യമാക്കി. എന്നാൽ അപ്രതീക്ഷിതമായി കോടതി സെപ്തംബർ 20-നു വിധി പ്രഖ്യാപിച്ചു.

മുൻസിഫ് കോടതിയുടെ വിധി പൂർണമായും അസ്ഥിരപ്പെടുത്തികൊണ്ടുള്ള വിധിയായിരുന്നു കോടതി പുറപ്പെടുവിച്ചത്. തുടർന്ന് നിശ്ചയിക്കപ്പെട്ടപ്രകാരം മലങ്കര അസോസിയേഷൻ യോഗം കൂടി. തുടർയോഗം ഒക്ടോബർ 12-നു കൂടാൻ നിശ്ചയിച്ചു. ഒക്ടോബർ 12-നു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കുന്നംകുളം മെത്രാസനത്തിന്റെ പൗലോസ് മാർ

മിലിത്തിയോസിനെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു.

ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ 2010 ഒക്ടോബർ 31-നു സ്ഥാനത്യാഗം ചെയ്തു. അന്ന് തന്നെ പൗലോസ് മാർ മിലിത്തിയോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. നവംബർ 1-നു മലങ്കരസഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് അദ്ദേഹത്തെ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതിയൻ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി. ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ മുഖ്യകാർമികത്വം വഹിച്ചു. പിൻഗാമിയുടെ സ്ഥാനാരോഹണത്തിൽ മുഖ്യകാർമ്മികനായ ആദ്യ (ഏക) പൗരസ്ത്യ കാതോലിക്കായായി ദിദിമോസ് പ്രഥമൻ ബാവാ മാറി. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതിയൻ ബാവാ 2019 അവസാനം രോഗബാധിതനായിത്തീർന്നു. ഒരു പിൻഗാമിയെ തിരഞ്ഞെടുക്കുവാൻ 2021 ജൂൺ മാസം 10-ന് അദ്ദേഹം പരുമല സെമിനാരിയിൽ നിന്ന് നോട്ടീസ് കൽപ്പനയയച്ചു. 2021 ഒക്ടോബർ 14-നു പരുമലയിൽ അസോസിയേഷൻ കൂടുവാനായിരുന്നു നിശ്ചയിച്ചത്. തന്റെ രോഗാവസ്ഥ വർദ്ധിച്ചതിനെത്തുടർന്ന് അസോസിയേഷൻ യോഗം നടത്തുവാൻ സീനിയർ മെത്രാപ്പോലീത്ത കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിയെ ചുമതലപ്പെടുത്തികൊണ്ട് ജൂലൈ 3-നു പൗലോസ് ദ്വിതിയൻ ബാവാ കൽപ്പന നൽകി. ജൂലൈ 12-ാം തീയതി ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതിയൻ ബാവാ കാലം ചെയ്തു. അസോസിയേഷൻ കൂടുന്നതിനെതിരെ ചിലയാളുകൾ സുപ്രീം കോടതിയെ സമീപിച്ചുവെങ്കിലും കോടതി അത് തള്ളിക്കളഞ്ഞു. 2021 സെപ്തംബർ 16-നു കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസ് കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും സ്ഥാനത്തേക്ക് കണ്ടനാട് വെസ്റ്റ് മെത്രാസനത്തിന്റെ മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയെ നാമനിർദ്ദേശം ചെയ്യുവാൻ തീരുമാനിച്ചു. അതിന്റെ ഔദ്യോഗിക പൂർത്തീകരണമാണ് ഇന്ന് സംഭവിച്ചത്. ഈ ദിവസത്തിനായിട്ടായിരുന്നു സഭ ആകമാനം പ്രാർഥനയോടെ നാളുകളായി കാത്തിരുന്നത്.

ലേഖനം

പ. മാത്യൂസ് തൃതീയനെ കാത്തിരിക്കുന്ന പൈതൃക ചിഹ്നങ്ങൾ

ഡോ. എം. കുര്യൻ തോമസ്

2021 ഒക്ടോബർ 14-ന് പരുമല സെമിനാരിയിൽ വെച്ചു നടക്കുന്ന മലങ്കര അസോസിയേഷൻ യോഗത്തിൽ, അദ്ധ്യക്ഷൻ കുറിയാക്കോസ് മാർ ക്ലിമ്മീസ് സീനിയർ മെത്രാപ്പോലീത്താ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന നിമിഷം, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ശുപാർശ ചെയ്ത്, മാനേജിംഗ് കമ്മിറ്റി നാമനിർദേശം ചെയ്ത്, അസോസിയേഷൻ ഐകകണ്ഠേന അംഗീകരിക്കുന്ന ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ മലങ്കര മെത്രാപ്പോലീത്താ ആകും. അതോടെ അസോസിയേഷൻ യോഗത്തിന്റെ തുടർ നടപടികളുടെ അദ്ധ്യക്ഷനും സാങ്കേതികമായി അദ്ദേഹമാകും. 1934 ഡിസംബർ 26-നു ശേഷം തിരഞ്ഞെടുക്കപ്പെടുമ്പോഴേ മലങ്കര മെത്രാപ്പോലീത്താ ആകുന്ന ആദ്യ വ്യക്തി എന്ന സ്ഥാനവും മാർ സേവേറിയോസ് അതോടെ സ്വന്തമാക്കും.



മലങ്കര മെത്രാപ്പോലീത്താ ആയി സ്ഥാനമേൽക്കുമ്പോൾ പൂർവ-കൊളോണിയൽ കാലത്തെ രണ്ടു അധികാര വിശേഷണങ്ങൾ കൂടി മാർ സേവേറിയോസിനു സ്വന്തമാകും. ഇന്ത്യയിലെ കൽദായ മെത്രാന്മാരും 1653-നു ശേഷം മാർത്തോമ്മാ എപ്പിസ്ക്കോപ്പാമാരും അറിയപ്പെട്ടിരുന്ന *തറവോദ് കോൽ ഹിന്ദോ (ഇന്ത്യയൊക്കെയുടേയും വാതിൽ)* എന്ന വിശേഷണവും, ഉത്തര കൂനൻകരിശുകാലത്ത് മാർത്തോമ്മാ മെത്രാന്മാരിൽ ലയിപ്പിക്കപ്പെട്ട അർക്കദ്യക്കോൻ സ്ഥാനികൾക്ക് പരമ്പരാഗതമായി ഉണ്ടായിരുന്ന മലങ്കര നസ്രാണികളുടെ *ജാതിക്കു തലവൻ* എന്ന *ജാതിക്കു കത്തനാർ* സ്ഥാനവും. അതോടൊപ്പം മഹത്തായ പൈതൃകത്തിന്റെ സുഗന്ധം പേറുന്ന ഒരു പിടി സ്ഥാനചിഹ്നങ്ങളും.

മണക്കുളം മോതിരം

1815 മാർച്ച് 21-ന് പഴഞ്ഞി പള്ളിയിൽ വെച്ച് മേല്പട്ടസ്ഥാനമേറ്റ തന്റെ ധീര സേനാനായകന്റെ പൗത്രനായ പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് മണക്കുളം രാജാവ് സമ്മാനിച്ച പച്ചക്കല്ലു പതിച്ച മോതിരമാണ് ഇന്നു *മണക്കുളം മോതിരം* എന്നറിയപ്പെടുന്നത്. അന്നു മുതൽ മലങ്കര മെത്രാന്റെ സ്ഥാനചിഹ്നങ്ങളിൽ ഉൾപ്പെട്ടതാണ് ഈ അംഗുലീയം.

സ്വർണ്ണ ഇരട്ടപ്പത്തി വടി

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് കുന്നംകുളത്തെ മലങ്കര നസ്രാണികൾ സമ്മാനിച്ച സ്വർണ്ണ നിർമ്മിത ഇരട്ടപ്പത്തി അംശവടി. ഇന്ന് അസോസിയേഷൻ യോഗങ്ങൾക്ക് മാത്രമാണ് അസോസിയേഷൻ പ്രസിഡന്റ് കൂടിയായ മലങ്കര മെത്രാപ്പോലീത്താ ഈ അംശവടി ഉപയോഗിക്കുന്നത്.

വിധിവിഹിതം എന്നു പറയാം, മാർ സേവേറിയോസ് മേല്പട്ടക്കാരൻ എന്ന നിലയിൽ ആദ്യം കൈയിലേന്തിയതും പ. വട്ടശ്ശേരിൽ തിരുമേനിയുടെ അംശവടിയാണ്. 1991 ഏപ്രിൽ 30-ന് പരുമല സെമിനാരിയിൽ വെച്ച് മേല്പട്ടസ്ഥാനം ഏറ്റപ്പോൾ സ്ഥാനചിഹ്നമായി പ. സഭ അദ്ദേഹത്തിനു നൽകിയത് പ. വട്ടശ്ശേരിൽ തിരുമേനിയുടെ വെള്ളിയിൽ തീർത്ത ഒറ്റപ്പത്തി വടിയാണ്. സ്വന്തമായി ഒരു അംശവടി പണിതീർപ്പിക്കുന്നതു വരെ ഉപയോഗിച്ച ശേഷം ഈ വടി പൗരസ്ത്യ കാതോലിക്കായെ തിരിച്ചേൽപ്പിച്ചു.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് ഉപയോഗിച്ചിരുന്നതും പിന്നീട് തോമസ് മാർ അത്തനാസ്യോസ് ഉപയോഗിച്ചിരുന്നതുമായ വെള്ളി അംശവടി 1889-ൽ കോടതി വഴി മാർ ദീവന്നാസ്യോസ് അഞ്ചാമൻ നടത്തി

യെടുത്ത് ഉപയോഗിച്ചിരുന്നു. അദ്ദേഹം പിൻഗാമിയായ പ. വട്ടശ്ശേരിൽ തിരുമേനിക്ക് കൈമാറിയ ഈ വടി 1911-ൽ അബ്ദള്ളാ പാത്രിയർക്കീസ് അദ്ദേഹത്തിൽനിന്നും ഇരവു വാങ്ങി ക്നാനായ മെത്രാൻ ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസിന് മറിച്ചുവിറ്റു. ഇന്ന് ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ *പ. പരുമല തിരുമേനിയുടെ അംശവടി* എന്ന പേരിൽ പ്രദർശിപ്പിക്കുന്നത് ഇതാണ്.

പ. വട്ടശ്ശേരിൽ തിരുമേനിയുടെ സ്വർണ്ണ സ്ലീബാ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ വിൽപ്പത്രപ്രകാരം പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായ്ക്ക് കൈമാറിയ വിലയേറിയ കല്ലുകൾ പതിച്ച സ്വർണ്ണ സ്ലീബാ, മലങ്കര മെത്രാന്റെ സ്ഥാനചിഹ്നമായി ആണ് പരിഗണിക്കുന്നത്.

സ്വർണ്ണ മുതലവായൻ മുടി

രൂപഘടനയിൽ കൽദായ, റോമൻ കത്തോലിക്കാ സ്വാധീനമുള്ളതും മാർത്തോമ്മാ ഒന്നാമൻ മുതലുള്ള മലങ്കര മെത്രാന്മാർ ഉപയോഗിച്ചിരുന്നതുമായ കിരീടം. പരമ്പരാഗതമായി ലഭിച്ചത് കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായതോടെ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ എന്ന *വാകത്താനത്തു ബാവാ* പുതുതായി ഒരെണ്ണം സ്വർണ്ണ കുമിളകൾ തുന്നിച്ചേർത്ത് രൂപപ്പെടുത്തി. തുന്നൽ വിദഗ്ദനായ അദ്ദേഹം തന്നെയാണ് അത് തയ്ച്ചെടുത്തതും.

മൂറീസും സൂർപ്ലീസും ഇടക്കെട്ടും

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് വരെയുള്ള മലങ്കര മെത്രാന്മാർ സ്ഥിരമായി ഉപയോഗിച്ചിരുന്ന സ്ഥാനവസ്ത്രം. ഇതിനു പിമ്പിൽ വ്യക്തമായ റോമൻ കത്തോലിക്കാ സ്വാധീനമുണ്ട്. പക്ഷേ സ്വർണ മുദ്ര വെച്ച ഇടക്കെട്ട് തികച്ചു തദ്ദേശീയമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ അന്ത്യോഖ്യൻ സഭാവിജ്ഞാനീയത്തിന്റെ സ്വാധീനം ശക്തമായതോടെ ഇത് മുതലവായൻ മുടി പോലെ ഉപയോഗലുപ്തമായി. എങ്കിലും മാർ ദീവന്നാസ്യോസ് അഞ്ചാമൻ, ആറാമൻ എന്നിവർ വിശേഷ അവസരങ്ങളിൽ ഉപയോഗിച്ചിരുന്നു. മുതലവായൻ മുടി പോലെ ഉപയോഗശൂന്യമായി മാറിയതോടെ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ഇവയുടെ സമഞ്ജസമായ ഒരു പുതിയ മാതൃക രൂപകല്പന ചെയ്ത് തുന്നിയെടുത്തു. ഇപ്പോൾ മലങ്കര മെത്രാപ്പോലീത്താമാർ അസോസിയേഷനിൽ അദ്ധ്യക്ഷത വഹിക്കുമ്പോൾ മുതലവായൻ മുടിയോടൊപ്പം ഉപയോഗിക്കുന്നു.

ആർച്ച് മാൻഡ്രിയേറ്റ് വടി

ബൈസന്റൈൻ - ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ അദ്ധ്യക്ഷ സ്ഥാനത്തുള്ളവർ സ്ഥിരമായി ഉപയോഗിക്കുന്ന വടി. മലങ്കര മെത്രാന്മാരും പ. പൗലൂസ് ദ്വിതീയൻ വരെയുള്ള കാതോലിക്കാമാരും ഇത് ഉപയോഗിച്ചിരുന്നു. പ. വട്ടശ്ശേരിൽ തിരുമേനി, പ. ഗീവർഗീസ് ദ്വിതീയൻ, പ. മാത്യൂസ് പ്രഥമൻ, പ. പൗലൂസ് ദ്വിതീയൻ എന്നിവർ ഉപയോഗിച്ചിരുന്നവയിൽ ഒന്ന് - ഇവ ഒക്കയുടെമേൽ അവകാശം ഉണ്ടെങ്കിലും - പരുമല അസോസിയേഷനിൽ വെച്ചുതന്നെ മാർ സേവേറിയോസിന് ലഭിക്കും.

സിംഹാസനം

എല്ലാ എപ്പിസ്ക്കോപ്പാമാർക്കും സിംഹാസനം ഉണ്ട്. പട്ടംകൊടകൾക്ക് ഇവ അനിവാര്യവുമാണ്. പ്രതീകാത്മകമായി എപ്പിസ്ക്കോപ്പൽ സഭകളിൽ എല്ലാ ദേവാലയങ്ങളിലേയും മദ്ബഹാകളിൽ ഓരോ കസേര എപ്പിസ്കോപ്പായുടെ സിംഹാസനമായി സൂക്ഷിക്കുക പതിവുണ്ട്. മെത്രാന്മാരുടെ ആസ്ഥാന ദേവാലയങ്ങളിൽ അവരുടെ സിംഹാസനം എന്ന രീതിയിൽ വിശേഷമായി ഓരോ കസേര സൂക്ഷിക്കും. പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലാണ് മലങ്കര മെത്രാന്മാർ ആരൂഢരായിരുന്നത്. തദ്ദേശീയ മലങ്കര മെത്രാന്മാർ മാത്രമല്ല, ആ സ്ഥാനം അവകാശപ്പെട്ട പരദേശി യൂയാക്കീം മാർ കൂറിലോസും 'പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ മലങ്കര മെത്രാപ്പോലീത്ത' എന്ന് ചുവന്ന മഷിയിൽ മുദ്ര കുത്തിയിരുന്നു.

എന്നാൽ പഴയസെമിനാരി സ്ഥാപിച്ചതോടെ മലങ്കര മെത്രാന്മാർക്ക് സ്ഥിരം ആസ്ഥാനം ഉണ്ടായി എന്നു പറയാം. പക്ഷേ 1836-ലെ മാവേലിക്കര പടിയോലയ്ക്കു ശേഷം ആംഗ്ലിക്കൻ മിഷണറിമാരുടെ പ്രതികാരബുദ്ധി മൂലം മലങ്കര മെത്രാന്റെ *കട്ടിൽ* പോലും *സായിപ്പിനെ സുഖിപ്പിക്കുന്ന* സർക്കാർ ഉദ്യോഗസ്ഥർ കണ്ടുകെട്ടി വിറ്റു. പിന്നീട് 1887-ൽ പഴയസെമിനാരി നടത്തിയെടുക്കുന്നതുവരെ സ്ഥിരമായ ആസ്ഥാനം ഇല്ലാതിരുന്ന മലങ്കര മെത്രാന്മാർക്ക് അപ്രകാരം ഒരു കത്തീഡ്രലോ സ്ഥിരം സിംഹാസനമോ ഇല്ലായിരുന്നു. പഴയസെമിനാരി കൈവശം കിട്ടിയതു മുതൽ ഇതഃപര്യന്തം അവിടമാണ് മലങ്കര മെത്രാന്മാരുടെ ഔദ്യോഗിക ആസ്ഥാനം. 1901-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായുടെ പൗരോഹിത്യ രജത ജൂബിലിക്കു കോട്ടയം എം.ഡി. സെമിനാരി ഹൈസ്ക്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് അദ്ദേഹത്തിനു സമ്മാനിച്ചതും, പഴയസെമിനാരി നാലുകെട്ടിലെ മലങ്കര മെത്രാന്റെ ഔദ്യോഗിക വസതിയിൽ സൂക്ഷിച്ചിരിക്കുന്നതുമായ കസേരയാണ് ഇന്ന് മലങ്കര മെത്രാന്റെ സിംഹാസനമായി കണക്കാക്കുന്നത്.

പഴയ സെമിനാരി, ചെപ്പേടുകൾ, വട്ടിപ്പണം

1840-ലെ കൊല്ലം പഞ്ചായത്തു വിധിപ്രകാരം കേരളത്തിലെ ആധുനിക വിദ്യാഭ്യാസ വിപ്ലവത്തിന് അടിസ്ഥാനമിട്ട *കോട്ടയം കോളജ്, പഠിത്തവീട്* എന്നിങ്ങനെ അറിയപ്പെട്ടിരുന്ന പഴയസെമിനാരിയുടെ കൈവശവും മാർത്തോമ്മാ ആറാമൻ എന്ന വലിയ മാർ ദീവന്നാസ്യോസ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ സ്ഥിര നിക്ഷേപമാക്കിയ 3,000 പൂവരാഹന്റെ പലിശയും മലങ്കര മെത്രാന്റെ അധികാരത്തിനുള്ളിലാണ്.

അതോടൊപ്പം കേരളചരിത്രത്തിലെ സുപ്രധാന രേഖകളായ ഇരവികൊർത്തൻ ചെപ്പേട്, തരിസാപ്പള്ളി പട്ടയം, ആർത്താറ്റ് പടിയോല എന്നീ ചെമ്പോല കരണങ്ങളുടേയും ഔദ്യോഗിക കൈവശക്കാരൻ മലങ്കര മെത്രാനാണ്.

മലങ്കര സഭാ ഭരണഘടനയുടെ സംരക്ഷകൻ എന്ന ഉത്തരവാദിത്വത്തോടൊപ്പം ഈ അവകാശങ്ങൾ എല്ലാം മലങ്കര മെത്രാപ്പോലീത്തായ്ക്ക് അസോസിയേഷൻ വേദിയിൽത്തന്നെ ലഭിക്കുമെങ്കിലും കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ തന്റെ പിൻഗാമിക്കു കല്പിച്ചു നൽകിയ *ശ്രേഷ്ഠ നിയുക്ത കാതോലിക്കാ* എന്ന സ്ഥാനനാമം അസോസിയേഷൻ പ്രഖ്യാപനം കൊണ്ടു മാത്രം മാർ സേവേറിയോസിനു ലഭിക്കില്ല. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ രണ്ടു മാല ലഭിക്കുമെങ്കിലും *ശ്രേഷ്ഠ നിയുക്ത കാതോലിക്കാ* എന്ന സ്ഥാനനാമം, അസോസിയേഷൻ തിരുമാനം അന്ന് ചേരുന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ച ശേഷം മാത്രമേ ഭരണഘടന പ്രകാരം കരഗതമാവുകയുള്ളു.

ഹൂദായ കാനോനും മലങ്കരസഭാ ഭരണഘടനയും വിവക്ഷിക്കുന്ന പ്രകാരം മലങ്കരയിലെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ് മലങ്കര മെത്രാപ്പോലീത്തായെ പ. മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിൽ *പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്ർളീത്തോയോ കാതോലിക്കാ* ആയി വാഴിക്കുമ്പോൾ മലങ്കരസഭയിൽ മേല്പട്ടക്കാരെ വാഴിക്കുവാനും പ. മൂറോൻ കൂദാശ ചെയ്യുവാനുമുള്ള അധികാരവും സ്തുതിചൊവ്വാകപ്പെട്ട ഓർത്തഡോക്സ് വിശ്വാസം പരിപാലിക്കാനുള്ള ഉത്തരവാദിത്വവും മാത്രമല്ല, സ്ഥാനന്യായേനയുള്ള ചില സ്ഥാനചിഹ്നങ്ങൾക്കും അദ്ദേഹത്തെ അർഹനാക്കും.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ അത്യുന്നത മഹാപുരോഹിതന് അവകാശപ്പെട്ട മൂന്നു മാലകളാണ് അവയിൽ പ്രധാനം. പ. സ്ലീബായോടൊപ്പം തിയോടോക്കോസ്, പ, മാർത്തോമ്മാ ശ്ലീഹാ ഇവരുടെ ഐക്കണുകൾ ആലേഖനം ചെയ്ത ഓരോ മുദ്രമാലകൾ കൂടി പൗരസ്ത്യ കാതോലിക്കായ്ക്ക് അവകാശപ്പെട്ടതാണ്. സ്ഥാനാരോഹണ വേളയിൽ മുഖ്യ കാർമ്മികൻ ഇവ ധരിപ്പിക്കും.

അത്യുന്നത മഹാപുരോഹിതന് മാത്രം അർഹമായതും സുറിയാനി പാരമ്പര്യത്തിൽ *ഏഫോദ്* എന്നും *സാക്രോ* എന്നും അറിയപ്പെടുന്നതുമായ ഇടക്കെട്ടിൽനിന്നും ധരിക്കുന്ന അംഗവസ്ത്രമാണ് അടുത്തത്. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ വരെയുള്ളവർ കാപ്പായോടൊപ്പം ഉപയോഗിച്ചിരുന്ന ഈ അംഗവസ്ത്രം മലങ്കരസഭയുടെ *ആത്മീയവും ലൗകികവും കൗദാശികവുമായ മേലധികാരി* എന്ന നിലയിൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേൽക്കുമ്പോൾത്തന്നെ ലഭിക്കുമെങ്കിലും കൗദാശികമായി

ഉപയോഗിക്കാൻ സാധിക്കുക കാതോലിക്കാ വാഴ്ചയ്ക്കു ശേഷം മാത്രമാണ്.

ദാർശനികനും കലാകാരനുമായ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ദീർഘവീക്ഷണത്തോടെ തനിക്കും പിൻഗാമികൾക്കുമായി കാതോലിക്കായിക്കടുത്ത ഒരു അംശവടി രൂപകല്പന ചെയ്ത് പണികഴിപ്പിച്ചു. അദ്ദേഹത്തിന്റെ തൊട്ടു പിൻഗാമിയായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ മുതൽ സ്ഥാനമേൽക്കുന്നത് നാഗശിരസ് ഇല്ലാതെ *അഹറോന്റെ തളിർത്ത വടി*ക്കു സമാനമായി പണികഴിപ്പിച്ച ഈ അംശവടി പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഏൽപ്പിക്കുന്നതോടെയാണ്. അദ്ദേഹം തന്നെ സൃഷ്ടിച്ച പൗരസ്ത്യ കാതോലിക്കായുടെ അൽമത്തിക്കാപ്പ ഇന്ന് ഉപയോഗിക്കുന്നില്ല എന്ന ദുഃഖസത്യവും ഇവിടെ പങ്കുവെക്കട്ടെ.

1951-ലാണ് കാതോലിക്കേറ്റിന്റെ ആസ്ഥാനമായി കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന പ. സഭ സ്വന്തമാക്കുന്നത്. ഈ കേന്ദ്ര ആസ്ഥാനത്ത് പൗരസ്ത്യ കാതോലിക്കായുടെ രാജകീയ പ്രൗഢിക്ക് അനുയോജ്യമായ ഒരു *കാതോലിക്കാ സിംഹാസനം* പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ പണികഴിപ്പിച്ചു. അരമനയോടൊപ്പം അരമന ചാപ്പലിൽ സൂക്ഷിച്ചിരിക്കുന്ന ഈ സിംഹാസനവും സ്ഥാനന്യായേന കാതോലിക്കായ്ക്ക് കൈവശമാകും.

തിഗ്രീസിലെ മഫ്രിയാനാമാരുടെ *ബസേലിയോസ്* എന്ന സ്ഥാനനാമമാണ് 1912-ൽ ഒന്നാം കാതോലിക്കായ്ക്ക് നൽകിയത്. ഒമ്പതാം കാതോലിക്കായും ഉപയോഗിക്കുക ഈ സ്ഥാനനാമമാകും. അതോടൊപ്പം അഞ്ചാം കാതോലിക്കാ മുതൽ *മാർത്തോമ്മാ* എന്ന മലങ്കര മെത്രാന്റെ സ്ഥാനനാമവും ഉപയോഗിച്ചു വരുന്നുണ്ട്. ഇതിനു പിമ്പിൽ ദീർഘമായ ഒരു ചരിത്രമുണ്ട്.

1653-ൽ മലങ്കരയിൽ ഒരു തദ്ദേശീയ മേല്പട്ടശ്രേണി ജന്മമെടുത്തപ്പോൾ തങ്ങളുടെ മാർത്തോമ്മാ പൈതൃക സ്മരണയായി *മാർ തോമ്മാ* എന്ന സ്ഥാനനാമമാണ് നസ്രാണികൾ നവാഭിഷിക്തന് നൽകിയത്. എന്നാൽ പതിനെട്ടാം നൂറ്റാണ്ടിൽ അന്ത്യോഖ്യാ പാത്രിയർക്കീസുമാർക്ക് *മാർ തോമ്മാ* നാമവും അതു ദ്യോതിപ്പിക്കുന്ന പൈതൃകവും അസഹനീയമായി. തന്റെ സ്ഥാനനാമം *ദീവന്നാസ്യോസ്* എന്നു പരിവർത്തനം ചെയ്യണമെന്നുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആവശ്യം അഞ്ചാം മാർത്തോമ്മാ വകവെച്ചില്ല. എന്നാൽ സഭയിലെ പിളർപ്പ് ഒഴിവാക്കാൻ പിൻഗാമിയായ ആറാം മാർത്തോമ്മാ എപ്പിസ്ക്കോപ്പാ, *ദീവന്നാസ്യോസ്* എന്ന പേരിൽ മെത്രാപ്പോലീത്താ ആയി സിംഹാസനാരോഹണം ചെയ്തു. പക്ഷേ അദ്ദേഹം ഈ നവ നാമം ഉപയോഗിക്കുകയോ പിൻഗാമിക്കു നൽകുകയോ ചെയ്തില്ല. 1815 മുതൽ തുടർച്ചയായി മൂന്നു മലങ്കര മെത്രാന്മാരെ വാഴിച്ചത് കടുത്ത അന്ത്യോഖ്യൻ പാരമ്പര്യം പിന്തുടരുന്ന തൊഴിയൂർ മെത്രാൻ ആയിരുന്നതിനാൽ *മാർത്തോമ്മാ* നാമം അസ്തമിക്കുകയും ദീവന്നാസ്യോസ് ഉറയ്ക്കുകയും ചെയ്തു. 1934-ലെ സഭാ ഭരണഘടന മലങ്കര മെത്രാൻ - കാതോലിക്കാ സ്ഥാനങ്ങൾ സംയോജിപ്പിച്ചതോടെ *ദീവന്നാസ്യോസ്* എന്ന സ്ഥാനനാമത്തിനു പ്രസക്തിയില്ലാതെ ആയി. സഭാദ്ധ്യക്ഷനുള്ള സംവരണം ഒഴിവാക്കി സഭയിലെ ഇതര മേല്പട്ടക്കാർക്ക് അത് നൽകുവാനും തുടങ്ങി.

എന്നാൽ തങ്ങളുടെ ജാതിക്കുതലവന്റെ *മാർ ത്തോമ്മാ* എന്ന പൂർവിക സ്ഥാനനാമത്തെപ്പറ്റിയുള്ള സ്മരണ നസ്രാണിയിൽ നിന്നും വിട്ടുപോയില്ല. 1953-ൽ അഞ്ചു മേല്പട്ടക്കാരെ വാഴിക്കുന്നതിനു തൊട്ടുമുമ്പ് മാർ ഗീവർഗീസ് ദ്വിതീയൻ, സ്വന്ത സ്ഥാനനാമങ്ങളിൽ ഓരോരുത്തരുടേയും അഭിപ്രായം ആരാഞ്ഞു. പാറേട്ട് മാർ ഈവാനിയോസ്, തനിക്ക് *മാർ തോമ്മാ* എന്ന സ്ഥാനനാമം വേണമെന്നു ആവശ്യപ്പെട്ടു. പക്ഷേ ... *അത് നമുക്ക് അവകാശപ്പെട്ടതാണ്, മറ്റാർക്കും നൽകില്ല...* എന്നായിരുന്നു മറുപടി. 1975-ൽ തന്റെ സ്ഥാനാരോഹണ വേളയിൽ ജാത്യാഭിമാനിയായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ചരിത്ര പ്രാധാന്യമുള്ള *മാർത്തോമ്മാ* എന്ന സ്ഥാനനാമം പുനർജീവിപ്പിച്ചു. ആ പാരമ്പര്യം ഇന്നും തുടരുന്നു.

അഹറോനു ശേഷം പുത്രനായ എലയാസാറിനെ മഹാപുരോഹിതനായി വാഴിച്ചതിനെപ്പറ്റി ...*യഹോവാ കൽപ്പിച്ചതുപോലെ മോശ ചെയ്തു. സർവ സഭയും കാൺകെ അവർ ഹോർ പർവതത്തിൽ കയറി. അഹറോന്റെ വസ്ത്രം ഊരി അവന്റെ മകനായ എലയാസാറിനെ ധരിപ്പിച്ചു...* (സംഖ്യ 20:27) എന്നാണ് രേഖപ്പെടുത്തുന്നത്. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയന് മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലും കാതോലിക്കാ എന്ന നിലയിലും ഓരോ സ്ഥാനചിഹ്നവും ഏൽപ്പിച്ചു കൊടുക്കുമ്പോൾ രണ്ടു സഹസ്രാബ്ദക്കാലത്തെ നസ്രാണി പൈതൃകത്തിന്റെ തിരുശേഷിപ്പുകളാണ് ആ കൈകളിലെത്തുക. അഹറോന്റെ തിരുവസ്ത്രവും എലിയായുടെ പുതപ്പും പോലെ. ❑



അപൂർവ്വ ഭാഗ്യം

മലങ്കര സഭാ ചരിത്രത്തിൽ ആദ്യമായാണ് 94 വയസായ ഒരു വൈദികൻ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ ധ്യാന പ്രസംഗം നടത്തുന്നത്. ഒക്ടോബർ 14 ന് പരുമല നടന്ന സമ്മേളനത്തിൽ മലങ്കര സഭാ ഗുരുരത്നം ഫാ. ഡോ. ടി. ജെ. ജോഷ്വാ 94 ന്റെ നിറവിലാണ് ധ്യാന പ്രസംഗം നിർവ്വഹിച്ചത്. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും പുതിയ കാതോലിക്കാ ബാവായായി തെരെഞ്ഞെടുത്ത ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലിത്തായുടെയും ഗുരുവാണ്. പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ മുതലുള്ള ബാവമാരൊടൊപ്പം പ്രവർത്തിച്ച ഫാ. ഡോ. റ്റി. ജെ. ജോഷ്വാ ഇപ്പോൾ ഏഴു കാതോലിക്കാ ബാവാമാരോടൊപ്പം പ്രവർത്തിക്കുവാൻ ഭാഗ്യം ലഭിച്ചു.

